# ലോഗോസ് പഠനസഹായി - 2020

# നിയമാവർത്തനം 22 – 34

ഈ ഗ്രന്ഥത്തിലെ ആദ്യവാക്കായ "ദെവാറിം" (വാക്കുകൾ) എന്ന നാമമാണു ഗ്രന്ഥത്തിന്റെ തലക്കെട്ടായി ഹെബ്രായ ബൈബിളിൽ ഉപയോഗിക്കുന്നത്. ഗ്രീക്കു ബൈബിളിലെ "ദെവുത്തെറോണോമിയോൺ" (Deuteronomion) എന്ന വാക്കാണ് നിയമാവർത്തനം എന്നു ഭാഷാന്തരം ചെയ്യുന്നത്. രണ്ടാമത്തെ നിയമം അല്ലെങ്കിൽ നിയമത്തിന്റെ ആവർത്തനം എന്നാണിതിന്റെ അർത്ഥം. ഉൽപത്തിമുതൽ സംഖ്യവരെയുള്ള നാലു ഗ്രന്ഥങ്ങളിൽ നല്കപ്പെട്ടിരിക്കുന്ന നിയമങ്ങളുടെ പരിഷ്കരിച്ച ഒരു പതിപ്പാണു നിയമാവർത്തന ഗ്രന്ഥത്തിൽ കാണുന്നത്. പ്രഥമദൃഷ്ട്യാ ആവർത്തനമായി കാണപ്പെടുന്നുണ്ടെങ്കിലും (1:3) സീനായ് ഉടമ്പടിയിൽനിന്നും വ്യത്യസ്തമായ ഒരുടമ്പടിയാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

യാക്കോബിന്റെ മക്കൾ 430 വർഷക്കാലം ഈജിപ്തിൽ അടിമത്തത്തിലായിരുന്നു (പുറ 12:40). ദൈവം അവരെ അടിമത്തത്തിൽനിന്നു മോചിക്കുകയും രണ്ടു മാസം കൊണ്ട് സീനായ്മലയുടെ അടിവാരത്തിലെത്തിക്കുകയും ചെയ്തു. അവിടെവച്ച് ദൈവം ജനവുമായി ഉടമ്പടി ചെയ്തു. തുടർന്നു ദൈവം വിശുദ്ധ കൂടാരത്തിൽ അവരോടൊത്തു വാസമുറപ്പിച്ചു. സീനായ് മലയിൽവച്ചു ദൈവം മോശയ്ക്കു പത്തു പ്രമാണങ്ങളും സാക്ഷ്യകൂടാരം നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളും മറ്റു നിയമങ്ങളും നല്കിയിരുന്നു (പുറ 20–35). കൂടാരം പ്രതിഷ്ഠിച്ചതിനുശേഷം ആ കൂടാരത്തിൽവച്ചു പലപ്പോഴും ദൈവം മോശയുമായി സംസാരിക്കുകയും ഇസ്രായേൽ പാലിക്കേണ്ട മറ്റു നിയമങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു (പുറ 40 – സംഖ്യ 36).

നാല്പതു വർഷക്കാലത്തെ മരുഭൂമി ദേശാടനത്തിനുശേഷം അവർ വാഗ്ദത്തദേശത്തിന്റെ കിഴക്കെ അതിർത്തിയായ യോർദ്ദാൻ നദിക്കരയിലെ മൊവാബു സമതലത്തിലെത്തി. അവിടെവച്ച് അവർ നദികടന്നു കാനാൻ ദേശത്തേയ്ക്കു പ്രവേശിക്കാൻ തയ്യാറെടുത്തു. എന്നാൽ വാഗ്ദത്ത ദേശത്തു പ്രവേശിക്കാൻ അവരുടെ നേതാവായ മോശയ്ക്കു ദൈവം അനുവാദം നല്കിയില്ല. അതുകൊണ്ട് ആ സമതലത്തിൽവച്ചു മോശ ജനത്തോടു വിടവാങ്ങി. ആ അവസരത്തിൽ മോശ നടത്തുന്ന വിടവാങ്ങൾ പ്രസംഗമായാണു നിയമാവർത്തനഗ്രന്ഥം പ്രത്യക്ഷപ്പെടുന്നത് (നിയ 1:1–3). സീനായ് മലയിൽവച്ചു നല്കിയതും പിന്നീടു നാല്പതു വർഷക്കാലം മരുഭൂമിയിൽവച്ചു ദൈവം കല്പിച്ചതുമായ എല്ലാ നിയമങ്ങളും മോശ ഈ അവസരത്തിൽ തന്റെ പ്രസംഗത്തിൽ ആവർത്തിച്ചു പറഞ്ഞു.

## ഗ്രന്ഥത്തിന്റെ ഘടന

ഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും പുരാതനവുമായ അദ്ധ്യായങ്ങളാണ് നിയ 12–26. ഈ ഭാഗം നിയമാവർത്തന ഗ്രന്ഥത്തിനെന്നു മാത്രമല്ല പഞ്ചഗ്രന്ഥത്തിനു മുഴുവനുമെന്നതുപോലെ നിയമ–പ്രവാചകഗ്രന്ഥങ്ങൾക്കും (ഉൽപ– 2രാജാ) ദൈവശാസ്ത്ര അടിത്തറ നല്കുന്നു. മാത്രവുമല്ല നിയ 12–26 ലെ നിയമങ്ങൾ സീനായ് മലയിൽവച്ചു ദൈവം നല്കിയ (പുറ 20–23) നിയമങ്ങളുടെ പരിഷ്കരിച്ച ഒരു പതിപ്പാണ്. ഗ്രന്ഥത്തിനു താഴെപ്പറയുന്ന ഘടനയാണുള്ളത്.

1) നിയമം എങ്ങനെയാണു ദൈവത്തിന്റെ വാഗ്ദാനങ്ങളും ജനത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതെന്നു വിശദീകരിക്കുന്ന അവതാരിക (നിയ 1:1–4:43).

2) നിയമാവർത്തന നിയമത്തിനുള്ള പ്രത്യേക അവതാരിക (4:44–11:32)

3) നിയമാവർത്തന നിയമസംഹിത (12–26).

4) മോശയുടെ അവസാനവാക്കുകളും മറ്റു സംഭവങ്ങളും (29–34).

## ഉള്ളടക്കം

ഏറ്റവും ശക്തനായ ദൈവമാണു കർത്താവ് (10:14, 17). അവിടുന്നാണ് ഇസ്രായേലിന്റെ പൂർവ്വപിതാക്കന്മാരെ വിളിച്ചത് (26:5). അവർക്കു ദേശം നൽകുമെന്നു വാഗ്ദാനം ചെയ്തതും (1:8) അവരുടെ പിൻഗാമികളെ തന്റെ പ്രത്യേകമായ ജനമായി തിരഞ്ഞെടുത്തതും (4:37; 10:15; 7:6; 14:2; 26:8) അവരെ അടിമത്തത്തിൽനിന്നു രക്ഷിച്ചതും (7:8; 13:5) ഹോറെബിൽ അവരുമായി ഉടമ്പടി ചെയ്തതും (4:13; 29:1) ദൈവമായ കർത്താവാണ്. പരീക്ഷിക്കാനും എളിമപ്പെടുത്താനുമായി അവിടുന്നവരെ മരുഭൂമിയിലൂടെ നയിച്ചു (8:2, 15, 16). ഉടമ്പടിയിലൂടെ അവരെ തന്റെ ജനമായി സ്വീകരിക്കാൻ അവിടുന്നു നിശ്ചയിച്ചു. അതുകൊണ്ടുതന്നെ അവർ അവിടുത്തെ മാത്രം ഭയപ്പെടുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വേണം (6:4, 5, 24; 8:6). താൻ നൽകുന്ന ദേശത്തു തന്നെ ആരാധിക്കേണ്ടതെങ്ങനെയാണെന്നും അവിടുന്ന് അവരോടു കൽപിച്ചു (5:31–33).

വാഗ്ദത്ത ദേശത്തിന്റെ അതിർത്തിയിൽ വച്ചുള്ള തന്റെ പ്രസംഗത്തിലൂടെ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാൻ മോശ ജനത്തെ ആഹ്വാനം ചെയ്യുകയാണു നിയമാവർത്തനത്തിൽ. അനുസരിക്കുന്നവർക്കു വലിയ അനുഗ്രഹം ലഭിക്കും (28:1–14) അനുസരിക്കാത്തവർക്കു ശാപവും (27:11–26). അനുസരിക്കാത്തവർക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ചും ഗ്രന്ഥകർത്താവു വ്യക്തമാക്കുന്നുണ്ട് (28:15–68).

മരത്തിൽ തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാണ് എന്ന നിയമാവർത്തന ഗ്രന്ഥം പ്രഖ്യാപിച്ചു (നിയ 21:22–23). ഇതു ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പ്രവചനമായാണു ഗലാത്തിയാക്കാരുടെ ലേഖനം കാണുന്നത് (3:10–13). നിയമത്തിന്റെ അന്ധമായ അനുഷ്ഠാനത്തിലൂടെയല്ല ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണു നാം രക്ഷിക്കപ്പെടുന്നത്.

## മോശയുടെ പ്രസംഗമോ?

ഒന്നിനു പുറകെ ഒന്നായി അവതരിപ്പിക്കുന്ന മൂന്നു പ്രസംഗങ്ങളും മോശയുടെ അന്ത്യവചസ്സുകളുമാണ് ഇതിലുള്ളത് (1:6–4:43; 4:44–26:19; 27–30; 31–34). പ്രധാനപ്പെട്ട സന്ദേശങ്ങൾ കൈമാറുന്നതിനുള്ള മാധ്യമമായി ഈജിപ്തിൽ ഇപ്രകാരമുള്ള വിടവാങ്ങൽ പ്രസംഗങ്ങൾ ഉപയോഗിച്ചിരുന്നു. രാജാക്കന്മാരും അവരുടെ പ്രധാന മന്ത്രിമാരും അവരുടെ മരണപത്രത്തിന്റെ മാതൃകയിലാണു പല പ്രധാന ഉപദേശങ്ങളും കൈമാറിയിരുന്നത്. ഈജിപ്തിൽ അടിമത്തത്തിലായിരുന്ന ഇസ്രായേൽക്കാരെ ഈ രീതി സ്വാധീനിച്ചിരിക്കാം. ഉദാ. നിയ 17:14–23 ൽ ഭാവി രാജാക്കന്മാർക്കുള്ള നിയമങ്ങൾ മോശ നല്കുന്നതു കാണാം. ഈ വചനഭാഗത്തെ 1സാമു 8–മായി താരതമ്യപ്പെടുത്തിയാൽ ഇതു വ്യക്തമാകും. സമാനമായ ഉപദേശങ്ങൾ ഈജിപ്തിലെയും മെസോപൊട്ടേമിയയിലെയും രാജാക്കന്മാരും നല്കിയിരുന്നു.

പ്രധാനപ്പെട്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നേതാക്കന്മാരുടെ പ്രസംഗങ്ങളിലൂടെ അവതരിപ്പിക്കുന്ന രീതി വിപ്രവാസശേഷമുള്ള ഇസ്രായേലിൽ നിലനിന്നിരുന്നു. ഉദാ. ദാവീദിന്റെ സിംഹാസനത്തിന്റെ നിത്യതയും ജറുസലെം ദേവാലയത്തിന്റെ പ്രാധാന്യവും ഉയർത്തിക്കാണിക്കുന്ന ഒരു ഉപദേശം പ്രസംഗ രൂപത്തിൽ യൂദാ രാജാവായ റെഹോബോവാമിന്റെ മകനായ അബിയാ രാജാവിന്റേതായി വിപ്രവാസശേഷം വന്ന ദിനവൃത്താന്ത ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട് (2ദിന 13:4–12). നിയമാവർത്തന ചരിത്രത്തിൽ വിവരിക്കപ്പെടാത്ത ഒരു സംഭവമാണത്. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ നിലപാടും ജറൂസലേം ദേവാലയത്തോടുള്ള അവരുടെ എതിർപ്പും ദൈവഹിതത്തിനെതിരാണെന്നു കാണിക്കാനാണു ദിനവൃത്താന്ത ഗ്രന്ഥകാരൻ ഇങ്ങനെ ചെയ്യുന്നത്.

യൂദിത്തിന്റെയും മക്കബായരുടെയും ഗ്രന്ഥങ്ങളിൽ ഇതിനു സമാനമായ മറ്റു പ്രസംഗങ്ങളും കാണാം: ഉദാ. യൂദിത്തിന്റെ ആദ്യ പ്രസംഗത്തിൽ (8:11–27) ജനത്തിന്റെ വിശ്വാസവും ദൈവത്തിലുള്ള പ്രത്യാശയും ഉറപ്പിക്കുന്നതിനുവേണ്ടി പഴയ കാലങ്ങളിൽ പൂർവ്വപിതാക്കന്മാർ ചെയ്തുപോലെ ഇന്നു ദൈവത്തെ പരീക്ഷിക്കരുത് എന്നു യൂദിത്ത് ഇസ്രായേലിനെ ഉപദേശിക്കുന്നുണ്ട്. രണ്ടാമത്തെത്, യൂദിത്തിന്റെ പ്രാർത്ഥനയാണ് (9:2–14). ഇതിൽ ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വവും അവിടുത്തെ പഴയകാല പ്രവൃത്തികളും യൂദിത്ത് അനുസ്മരിക്കുന്നു. അതുപോലെതന്നെ ഉടമ്പടി

യോടുള്ള തന്റെ പൂർവ്വികരുടെ വിശ്വസ്തത വിവരിച്ചുകൊണ്ടു ഹസ്മൊണേയനായ മത്താത്തിയാസ് പ്രസംഗിക്കുന്നതു മക്കബായരുടെ ഗ്രന്ഥത്തിൽക്കാണാം (1മക്ക 2:48–67).

സുവിശേഷകന്മാർ തങ്ങളുടെ ദൈവശാസ്ത്ര ചിന്തകൾ അവതരിപ്പിക്കുന്നത് കർത്താവിന്റെയും സ്നാപകയോഹന്നാന്റെയും മറ്റും പ്രസംഗങ്ങളിലൂടെയാണ്. വി. ലൂക്കാ സഭയെയും പരി. ആത്മാവിനെയും കുറിച്ചുള്ള തന്റെ വീക്ഷണം അപ്പസ്തോല പ്രവർത്തനങ്ങളിൽ അവതരിപ്പിക്കുന്നത് സ്തേഫാനോസിന്റെയും പത്രോസിന്റെയും പൗലോസിന്റെയും പ്രസംഗങ്ങളിലൂടെയാണ്. ചരിത്രപരമായി പത്രോസിന്റെയും പൗലോസിന്റെയും പ്രസംഗ ശൈലികളും ദൈവശാസ്ത്ര ദർശനങ്ങളും വ്യത്യസ്തങ്ങളായിരുന്നെങ്കിലും അപ്പസ്തോല പ്രവർത്തനങ്ങളിൽ അവർ ഏകദൈവശാസ്ത്രമാണു പ്രഘോഷിക്കുന്നത്. കാരണം അവയെല്ലാം വി. ലൂക്കായുടെ പ്രസംഗങ്ങളാണ്.

മോശയുടെ മൂന്നു പ്രസംഗങ്ങളുടെയും അദ്ദേഹത്തിന്റെ അന്ത്യ വചസ്സുകളുടെയും രൂപത്തിലാണു നിയമാവർത്തന ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്:
അവതാരിക (1:1–5)

**ഒന്നാം പ്രസംഗം** (1:6–4:43); ഇസ്രായേലിനു വേണ്ടി ദൈവം പഴയകാലത്തു ചെയ്ത പ്രവർത്തനങ്ങൾ വിവരിക്കുന്നു.

**രണ്ടാം പ്രസംഗം** (4:44–26:19); ഇന്നു ജനങ്ങൾ പാലിക്കേണ്ട കർത്താവിന്റെ നിയമങ്ങൾ വിവരിക്കുന്നു. ഇതിനു രണ്ടു ഭാഗങ്ങൾ ഉണ്ട്. 1. പൊതു നിയമങ്ങളും പത്തു പ്രമാണങ്ങളും (4:44–29:32). 2. പ്രത്യേക നിയമങ്ങളും അവ പ്രായോഗികമാക്കേണ്ട വിധവും (12–26).

**മൂന്നാം പ്രസംഗം** (27–30); ഭാവിയിലേക്കുള്ള കർത്താവിന്റെ നിയമങ്ങൾ; 1. അനുഗ്രഹങ്ങൾ (28), 2. ശാപങ്ങൾ (27), 3. ഉടമ്പടി നവീകരണം (29–30).

**മോശയുടെ അന്ത്യവചസ്സുകൾ** (31:33); 1. വിടവാങ്ങൽ (31:1–29), 2. മോശയുടെ ഗാനം (31:30–32:52), 3. മോശ അനുഗ്രഹിക്കുന്നു (33:1–29).

**മോശയുടെ മരണം** (34).

എന്നാൽ ഗ്രന്ഥത്തിന്റെ ഘടനയും ഉള്ളടക്കവും പരിശോധിച്ചാൽ അതിനു പഴയകാല മധ്യപൂർവ്വദേശത്തെ വലിയ ചക്രവർത്തിമാർ സാമന്ത രാജാക്കന്മാരുമായി ചെയ്തിരുന്ന ഉടമ്പടികളുമായി സാമ്യമുള്ളതായി കാണാം. ഈ ഉടമ്പടികളെക്കുറിച്ചാണു ചുരുക്കമായി താഴെ വിവരിക്കുന്നത്.

## അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം

നിയമാവർത്തകന്റെ ചിന്തയുടെ അടിസ്ഥാനപരമായ ഒരു വെളിപ്പെടുത്തൽ നിയ 4:32–40 ൽ കാണാം: ‘‘കഴിഞ്ഞകാലത്തെപ്പറ്റി, ദൈവം മനുഷ്യനെ ഭൂമുഖത്തു സൃഷ്ടിച്ചതു മുതലുള്ള കാലത്തെപ്പറ്റി, ആകാശത്തിൻെറ ഒരറ്റംമുതൽ മറ്റേയറ്റംവരെ ചോദിക്കുക; ഇതുപോലൊരു മഹാസംഭവം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇതുപോലൊന്നു കേട്ടിട്ടുണ്ടോ? ഏതെങ്കിലും ജനത എന്നെങ്കിലും അഗ്നിയുടെ മധ്യത്തിൽനിന്നു സംസാരിക്കുന്ന ദൈവത്തിൻെറ ശബ്ദം നിങ്ങൾ കേട്ടതുപോലെ കേൾക്കുകയും പിന്നെ ജീവിച്ചിരിക്കുകയും ചെയ്തിട്ടുണ്ടോ? നിങ്ങളുടെ ദൈവമായ കർത്താവ് ഈജിപ്തിൽ വച്ചു നിങ്ങൾ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ മഹാമാരികൾ, അടയാളങ്ങൾ, അദ്ഭുതങ്ങൾ, യുദ്ധങ്ങൾ, കരബലം, ശക്തിപ്രകടനം, ഭയാനക പ്രവൃത്തികൾ എന്നിവയാൽ തനിക്കായി ഒരു ജനതയെ മറ്റൊരു ജനതയുടെ മധ്യത്തിൽനിന്നു തിരഞ്ഞെടുക്കാൻ ഏതെങ്കിലും ദൈവം എന്നെങ്കിലും ഉദ്യമിച്ചിട്ടുണ്ടോ? കർത്താവാണു ദൈവമെന്നും അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ലെന്നും നിങ്ങൾ അറിയാൻ വേണ്ടിയാണ് ഇവയെല്ലാം നിങ്ങളുടെ മുൻപിൽ കാണിച്ചത്. നിങ്ങളെ പഠിപ്പിക്കാൻ ആകാശത്തുനിന്ന് തൻെറ സ്വരം നിങ്ങളെ കേൾപ്പിച്ചു. ഭൂമിയിൽ തൻെറ മഹത്തായ അഗ്നി കാണിച്ചു. അഗ്നിയുടെ മധ്യത്തിൽ നിന്ന് അവിടുത്തെ വാക്കുകൾ നിങ്ങൾ കേട്ടു. അവിടുന്നു നിങ്ങളുടെ പിതാക്കൻമാരെ സ്നേഹിച്ചതുകൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു; അവിടുന്നു തൻെറ മഹാശക്തിയും സാന്നിധ്യവും പ്രകടമാക്കിക്കൊണ്ട് നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവരുകയും ചെയ്തു. നിങ്ങളെക്കാൾ വലിയവരും ശക്തരുമായ ജനതകളെ നിങ്ങളുടെ മുൻപിൽനിന്നു നീക്കിക്കളയാനും നിങ്ങളെ കൊണ്ടുവന്ന് ഇന്നത്തെതുപോലെ അവരുടെ ദേശം നിങ്ങൾക്ക് അവകാശമായി തരാനുംവേണ്ടി ആയിരുന്നു അത്. മുകളിൽ സ്വർഗത്തിലും താഴെ

ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ. ആകയാൽ, നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നൻമയുണ്ടാകാനും ദൈവമായ കർത്താവു നിങ്ങൾക്കു ശാശ്വതമായി തരുന്ന ദേശത്തു ദീർഘകാലം വസിക്കാനുംവേണ്ടി കർത്താവിൻെറ ചട്ടങ്ങളും പ്രമാണങ്ങളും പാലിക്കുവിൻ എന്നു ഞാൻ നിങ്ങളോടു കൽപിക്കുന്നു'' (നിയ 4:32–40).

ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചുകൊണ്ട് ഏകദൈവമായ കർത്താവു തന്റെ ശക്തി തെളിയിക്കുകയായിരുന്നു. ഈജിപ്തിൽ നിന്നുള്ള മോചനവും മരുഭൂമിയിലൂടെ നയിച്ചതും ജനത്തിനു വാഗ്ദത്തദേശം നൽകിയതും മറ്റൊരു ദൈവമില്ല എന്നു ജനം തിരിച്ചറിയുന്നതിനുവേണ്ടിയായിരുന്നു: ''മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ'' (4:39). മറ്റു ജനങ്ങൾക്കും ദേശങ്ങൾക്കും സൂര്യനെയും ചന്ദ്രനെയുംപോലെ ആരാധിക്കാനുളള വസ്തുക്കൾ നൽകിയതും കർത്താവു തന്നെയാണ് (2:9, 19; 4:19; 29:26; 32:8). ഇതു കർത്താവിന്റെ സാർവ്വത്രിക അധികാരമാണു കാണിക്കുന്നത്: ''നിങ്ങൾ ആകാശത്തിലേക്കു കണ്ണുകൾ ഉയർത്തി സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും – എല്ലാ ആകാശഗോളങ്ങളെയും – കണ്ട് ആകൃഷ്ടരായി അവയെ ആരാധിക്കുകയും സേവിക്കുകയും ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുവിൻ. അവ ആകാശത്തിൻെറ കീഴിലുള്ള എല്ലാ ജനതകൾക്കുംവേണ്ടി നിങ്ങളുടെ ദൈവമായ കർത്താവു നൽകിയിരിക്കുന്നവയാണ്'' (4:19). ഇസ്രായേൽ അന്യദൈവങ്ങളെ ആരാധിച്ചാൽ സർവ്വാധികാരിയായ കർത്താവു മഴ തടഞ്ഞു വയ്ക്കുകയും ഇസ്രായേലിനെ ശിക്ഷിക്കുകയും ചെയ്യും (11:13–17). ഉടമ്പടിയുടെ ജനമായ അവർ എപ്പോഴും അനുസ്മരിക്കേണ്ടത് കർത്താവാണ് ഏകദൈവമെന്നാണ് (6:4). ഏകദൈവമാണു കർത്താവെന്ന നിയമാവർത്തന തത്വമാണു യഹൂദമതത്തിന്റെ അടിസ്ഥാനം. ഈ തത്വമാണു നിയമാവർത്തനഗ്രന്ഥം പലവിധത്തിൽ പഠിപ്പിക്കുന്നത്.

## ഏകദൈവവിശ്വാസം

നിയമാവർത്തന ഗ്രന്ഥത്തിലെ അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം ഏകദൈവവിശ്വാസമാണ്. മറ്റ് ആശയങ്ങൾ ഈ അടിസ്ഥാന വീക്ഷണത്തോടു ചേർന്നു നില്ക്കുന്നവ മാത്രമാണ് (28:14). എല്ലാത്തരത്തിലുമുള്ള വിഗ്രഹാരാധനയും നിരോധിച്ചുകൊണ്ടാണ് ദൈവം ഈ ഗ്രന്ഥത്തിൽ തന്റെ നിയമങ്ങൾ നല്കുന്നത് (4:15–40; 5:7–10; 6:4–9, 14–15; 7:16; 9:12;11:18; 12:29–31; 23:17). ദേവന്മാരെന്നറിയപ്പെടുന്നത് ദൈവങ്ങളല്ല. വിഗ്രഹങ്ങളാണു ലോകത്തിലെ ഏറ്റവും മ്ലേഛമായ വസ്തു (7:25–26; 9:21; 11:16; 13:12–16). ദൈവം ഏകനായതിനാലാണ് അവിടുത്തെ നിയമങ്ങൾ അനുസരിക്കുകയെന്നത് മനുഷ്യന് അനിവാര്യമാകുന്നത് (32:36–39). ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ സന്ദേശം കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവർ ഉടമ്പടിയുടെ സമൂഹത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടണം (13:6–11; 17:1–5).

ഏകദൈവവിശ്വാസം ജന്മമെടുത്തതിന്റെ ഫലമായി ഏകദൈവത്തിന്റെ പുരോഹിതൻ നീതിയുടെമേൽ വിധിതീർക്കാൻ കഴിവുള്ള ഏറ്റവും പ്രധാന വ്യക്തിയായി മാറി (17:8–10). നിയമാവർത്തന ദൈവശാസ്ത്രജ്ഞർ ഇസ്രായേലിലെ രാജാക്കന്മാർക്കും ഒരു പെരുമാറ്റച്ചട്ടം ഏർപ്പെടുത്തി (17:14–20). ഇസ്രായേലിലെ പ്രവാചകവൃത്തിക്ക് മുകളിലും അവർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പ്രവാചകരുടെ സത്യസന്ധത അളക്കുവാനുള്ള അളവുകോലായി ഏകദൈവ വിശ്വാസം കണക്കാക്കുകയും അവർ നടത്തിയ പ്രവചനങ്ങളുടെ പൂർത്തീകരണം ഓരോ പ്രവാചകന്റെയും വിശ്വാസ്യതയുടെ അളവുകോലായി കരുതുകയും ചെയ്തു (13:1–5; 18:20–22). ഏകദൈവ വിശ്വാസ പ്രഖ്യാപനത്തിന്റെ ഫലമായി ദേവന്മാർക്കുള്ള ബലിയർപ്പണം, മന്ത്രവാദം, പ്രശ്നം വയ്ക്കൽ, ലക്ഷണം പറച്ചിൽ, ആഭിചാരം, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശവിദ്യ എന്നിവയെല്ലാം ഇസ്രായേലിൽ നിഷിദ്ധമായി (18:9–13). ഏകദൈവത്തെ അംഗീകരിക്കാത്ത എല്ലാ രജ്യങ്ങളെയും നശിപ്പിക്കണമെന്ന ചിന്ത ജന്മമെടുത്തു (20:17–18; 29:16–18). മൃതസന്ദേസവിദ്യ അഭ്യസിച്ചിരുന്ന ജനതകളുടെ മദ്ധ്യേ ജീവിച്ചിരുന്ന ഇസ്രായേലിൽ മരണവുമായി ബന്ധപ്പെട്ട എല്ലാ ശേഷക്രിയകളും ആരാധനാ വിധികളും നിഷിദ്ധമാക്കപ്പെട്ടു (26:14).

ദൈവകല്പനകൾ സത്യസന്ധമായി പാലിക്കുന്നില്ലെങ്കിൽ അവർ ഏറ്റവും വലിയ തിന്മയായ വിഗ്രഹാരാധനയ്ക്കായി കൈവിടപ്പെടുമെന്ന് ഇസ്രായേലിനു ദൈവം മുന്നറിയിപ്പു നല്കി (8:19; 28:15–37; 29:24–26). ഇസ്രായേൽ ജനത്തെ വിഗ്രഹാരാധനയെന്ന തെറ്റിനെക്കുറിച്ച് അവബോധമുള്ളവരാക്കാൻ ഒരു ഗാനമെഴുതി ദൈവം അതു മോശയെ പഠിപ്പിച്ചു; ഈ ഗാനം ഇസ്രായേൽ ജനത്തെ

പഠിപ്പിക്കാൻ ദൈവം മോശയോടു കല്പിച്ചു (31:14-19; 32:12, 16-17, 21, 37, 39). ദൈവത്തിനുള്ള ഇസ്രായേലിന്റെ ആരാധന മുഴുവൻ ജറൂസലെമിൽ കേന്ദ്രീകരിച്ചു കഴിഞ്ഞപ്പോൾ ജറൂസലെം ദേവാലയത്തിലെ പ്രധാന ആകർഷണവസ്തു അവിടെ സ്ഥാപിച്ചിരുന്ന ദൈവിക നിയമമായി മാറി (31:9-13). ഈ ഏകദൈവചിന്തയുടെ അടിസ്ഥാന തത്വങ്ങളാണ് നിയ 12-26ൽ കാണുന്നത്.

## ഏകദൈവ വിശ്വാസപ്രഖ്യാപനത്തിന്റെ ഫലങ്ങൾ

### ദൈവം

ദൈവം ഏകനാണെന്നു പറയുന്നതോടൊപ്പം സത്യദൈവത്തിനു രൂപമില്ല എന്നും ദൈവം മനുഷ്യനു പ്രാപ്യനാകുന്നത് അവിടുത്തെ വചനത്തിലൂടെയാണെന്നും നിയമാവർത്തകൻ പറഞ്ഞു: ''അപ്പോൾ അഗ്നിയുടെ മദ്ധ്യത്തിൽനിന്നു കർത്താവു നിങ്ങളോടു സംസാരിച്ചു. നിങ്ങൾ ശബ്ദംകേട്ടു - ശബ്ദം മാത്രം; രൂപംകണ്ടില്ല... രൂപംകണ്ടില്ല'' (4:12, 15). ഉദാ. പഴയകാലത്തെ മനുഷ്യരുപമുള്ളവനും ദൃശ്യനുമായ ദൈവം അപ്രത്യക്ഷനായി (ഉദാ. ഉൽപത്തി 2). ദൈവം അരൂപിയും സർവ്വവ്യാപിയും സർവ്വാധികാരിയുമാണെന്നു പറഞ്ഞുകൊണ്ട്. നിയമാവർത്തകൻ ദൈവത്തെക്കുറിച്ചുള്ള പഴയകാല ചിന്ത (ഉൽപ-സംഖ്യ) തിരുത്തുകയായിരുന്നു.

ഏകദൈവവിശ്വാസം ഉറപ്പിച്ചു പറയുമ്പോഴും ഇസ്രായേലിന്റെ പാരമ്പര്യത്തിലുണ്ടായിരുന്ന പഴയ ബഹുദൈവ ചിന്തകളും ദൈവത്തെ മനുഷ്യന്റെ രൂപത്തിൽ കാണുന്ന രീതിയും ഗ്രന്ഥത്തിൽ ഇടയ്ക്കിടെ തെളിഞ്ഞു നിൽക്കുന്നതു കാണാം: തൽഫലമായി ദൈവത്തിന്റെ അധരങ്ങളെക്കുറിച്ചും (8:3) കൈകളെക്കുറിച്ചും (4:34; 5:15; 7:19; 11:2; 26:8) കൈവിരലുകളെക്കുറിച്ചും (9:10) ദൈവം നടക്കുന്നതിനെക്കുറിച്ചും (23:14) ദൈവത്തിന്റെ നോട്ടത്തെക്കുറിച്ചുമെല്ലാം ഗ്രന്ഥകാരൻ സംസാരിക്കുന്നുണ്ട്. എന്നാൽ ഇങ്ങനെയെല്ലാം പറയുമ്പോൾ അദ്ദേഹം ദൈവത്തിന്റെ ഒരു ചിത്രം വരയ്ക്കാൻ ശ്രമിക്കുകയല്ല ചെയ്യുന്നത്, മറിച്ച് അവിടുത്തെ പ്രവർത്തനരീതി വിശദീകരിക്കുക മാത്രമാണ്.

*ദൈവം നീതിമാനാണ്*: ദൈവത്തിന്റെ സ്വഭാവപ്രത്യേകതകളെക്കുറിച്ചു നിയമാവർത്തന ഗ്രന്ഥം താത്വികമായി ഒന്നും വിശദീകരിക്കുന്നില്ല. എന്നാൽ ദൈവം ചെയ്ത പല വലിയ കാര്യങ്ങളും വിശദീകരിക്കുന്നതോടൊപ്പം അത് എങ്ങനെയാണു ചെയ്തതെന്നും പറയുന്നുണ്ട്. നീതിമാനായ ദൈവം നന്മയുമാണ്. ദൈവം പാറയാണ് (32:4) എന്നതിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഈ നീതിയാണ്. പാറപോലെ ഉറച്ചതായതുകൊണ്ടു പക്ഷപാതം അവിടുത്തെ സ്പർശിക്കുകയില്ല (10:12-22). അനാഥനും വിധവക്കും പരദേശിക്കുമെല്ലാം അവിടുന്നു നീതി നടത്തിക്കൊടുക്കുകയും ചെയ്യും (10:17-18). ദൈവത്തിന്റെ നീതിയുടെ പ്രതിഫലനമാണു ദൈവം നല്കിയ നിയമങ്ങൾ (4:8).

കാനാനിലുള്ള വിജാതിയരെയെല്ലാം നിർമ്മാർജ്ജനം ചെയ്യണമെന്ന (ഹേരെം) നിയമവും (20:16-18; 1:30; 31:3) ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന തത്വവും ദൈവത്തിന്റെ നീതിയുമായി എങ്ങനെയാണു ചേർന്നുപോകുന്നത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. എന്നാൽ അന്യ ദേശക്കാരെ ദൈവം നശിപ്പിക്കുന്നത് ഇസ്രായേലിന്റെ നന്മയുടെ ഫലമായിട്ടല്ല മറിച്ച് അവരുടെ തിന്മ നിമിത്തമാണ് (9:5; ഉൽപ 15:12). ഇസ്രായേൽ പാപം ചെയ്തപ്പോൾ അവർക്കെതിരേ യുദ്ധം ചെയ്ത അസ്സീറിയയെയും ബാബിലോണിനെയും ദൈവത്തിന്റെ ശിക്ഷാവിധിയുടെ ഉപകരണം എന്നാണു പ്രവാചകന്മാർ വിശേഷിപ്പിച്ചത് (ഏശ 10:5).

ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹവും അവരുടെ തിരഞ്ഞെടുപ്പുമാണു പ്രധാന ചർച്ചാവിഷയം. നിയമാവർത്തന ചിന്തയനുസരിച്ചു ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദാനവും അവിടുത്തേക്ക് അവരോടുള്ള സ്നേഹവും വിശ്വസ്തതയുമാണ് ഇസ്രായേലിനെ തന്റെ സ്വന്തമായി തിരഞ്ഞെടുക്കാൻ ദൈവത്തെ പ്രേരിപ്പിച്ചത് (4:37; 7:8, 13; 10:15).

### ഉടമ്പടി

ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് എന്ന ആശയം ഉടമ്പടിയുമായി ബന്ധപ്പെട്ടതാണ്. ഉടമ്പടി (ബെറീത്ത്) എന്ന വാക്കു ഗ്രന്ഥത്തിൽ 27 പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്.

ഹോറെബിലെ ഉടമ്പടിയെക്കുറിച്ചും (4:23; 5:2; 29:1; 31:16, 20) പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയെക്കുറിച്ചും (4:31; 7:12; 8:18) ഗ്രന്ഥം വിവരിക്കുന്നുണ്ട്. പത്തു കൽപ്പനകളെ ഉടമ്പടി എന്നാണു ഗ്രന്ഥം വിളിക്കുന്നത് (4:13; 9:9, 11, 15). ഇസ്രായേൽ ദൈവവുമായി ചെയ്ത ഉടമ്പടി ലംഘിക്കരുത് (29:24–25; 31:16, 24–29). തിരഞ്ഞെടുപ്പു നടന്നതിനുശേഷമാണ് ഉടമ്പടി നടന്നതെങ്കിലും ജനം സ്വതന്ത്രമായാണ് ഉടമ്പടിയിലേർപ്പെട്ടത്.

**ദേവാലയം**

ദൈവം ഏകനാണെന്ന ചിന്തയിൽനിന്നു മറ്റു പല ദൈവശാസ്ത്ര ദർശനങ്ങളും ജന്മമെടുക്കുന്നുണ്ട്. മനുഷ്യരൂപമുള്ളവനും ദൃശ്യനുമായ ദൈവം അപ്രത്യക്ഷനായി. തത്ഫലമായി ദേവാലയം ദൈവത്തിന്റെ വാസസ്ഥലമല്ല മറിച്ച് ദൈവം തന്റെ നാമം സ്ഥാപിക്കാനായി തിരഞ്ഞെടുത്ത ഏകസ്ഥലം മാത്രമായിത്തീർന്നു. ആരാധനക്ക് ആ സ്ഥലം മാത്രമേ ആവശ്യമുള്ളൂ. ദേവാലയത്തെക്കുറിച്ചു പറയുന്ന എല്ലാ അവസരങ്ങളിലും നിയമാവർത്തന ഗ്രന്ഥകാരൻ അതിനെ *ദൈവം തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുത്ത സ്ഥലമായി* മാത്രമാണു കാണുന്നത്. ദൈവം തന്റെ ആലയത്തിൽ വസിക്കുന്നുവെന്ന പഴയകാലചിന്ത (ലേവ്യ 1:1) പൂർണമായും ഒഴിവാക്കപ്പെട്ടു. ദേവാലയം ദൈവത്തിന്റെ നാമം വസിക്കുന്നസ്ഥലമാണ്. അതു ദൈവനാമം സ്ഥാപിക്കപ്പെട്ട സ്ഥലമാണ് (12:21, 14:23, 16:11).

**പാപം**

ഉടമ്പടിയുടെ ദർശനവുമായി ബന്ധപ്പെട്ടാണു പാപം എന്താണെന്നു മനസ്സിലാക്കാൻ കഴിയുന്നത്. നിയമാവർത്തകന്റെ ചിന്തയനുസരിച്ച് ഏറ്റവും വലിയ പാപം വിഗ്രഹാരാധനയാണ്. കാരണം അത് ഉടമ്പടിയുടെ ആദ്യത്തെ മൂന്നു വ്യവസ്ഥകളെയും (പ്രമാണങ്ങളെയും) തിരസ്കരിക്കുന്നു (6:4–5). ദൈവത്തെ മറക്കുകയും അന്യ ദൈവങ്ങളെ ആരാധിക്കുകയും ചെയ്യാനുള്ള വലിയ പ്രലോഭനം ഇസ്രായേലിനുണ്ടാകും (4:15–24; 7:4–5; 12:29–31). വിഗ്രഹാരാധനയിലേയ്ക്കു ജനത്തെ നയിക്കുന്ന ഏതൊരുവനും വധശിക്ഷ നൽകണമെന്നതായിരുന്നു നിയമം (13:5, 10, 15; 17:7). ലോകത്തിലെ ഏറ്റവും അശുദ്ധമായ വസ്തു ഒരു വിഗ്രഹമാണ് (7:25, 26; 12:31; 14:3; 17:1, 4; 18:9, 12; 20:18; 22:5; 27:15). പരിശുദ്ധനായ ഏകദൈവത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അരോചകമായ വസ്തുവാണത്.

ജനം വിഗ്രഹാരാധന നടത്തുകയും അങ്ങനെ ദൈവവുമായി ചെയ്ത ഉടമ്പടി ലംഘിക്കാൻ ഇടവരികയും ചെയ്താൽ ദൈവം അവരെ അന്യരാജ്യങ്ങളിലേയ്ക്കു ചിതറിച്ചു കളയും. അവിടെ അവർ പ്രയോജന രഹിതങ്ങളായ വിഗ്രഹങ്ങളെ ആരാധിക്കാൻ കൈവിടപ്പെടും (4:25–30). എങ്കിലും അവിടെവച്ച് അവർ അനുതപിക്കുകയും പൂർണ്ണഹൃദയത്തോടെ കർത്താവിങ്കലേയ്ക്കു തിരിയുകയും ചെയ്താൽ അവിടുന്ന് അവരോടു കരുണ കാണിക്കും (4:31). അപ്പോൾ ദൈവം അവരുടെ ഹൃദയങ്ങളെ പരിഛേദന വിധേയമാക്കുകയും അവർക്കു പുതുജീവൻ നൽകുകയും ചെയ്യും (30:1–10).

വിഗ്രഹാരാധനപോലെ തന്നെ തിന്മയായി കരുതപ്പെട്ട പാപമാണു കർത്താവിൽ വിശ്വസിക്കാതിരിക്കുക എന്നത്. ജീവന്റെയും ചരിത്രത്തിന്റെയും നിയന്താവു കർത്താവാണ്. ദൈവത്തെ അവിശ്വസിച്ച പുറപ്പാടിലെ ആദ്യ തലമുറയ്ക്കു വാഗ്ദത്തദേശത്തു പ്രവേശിക്കാൻ കഴിഞ്ഞില്ല.

ദൈവത്തോടുള്ള വിശ്വസ്തതയോടൊപ്പംതന്നെ വിശ്വാസിക്കു സഹോദരനോട് ഉത്തരവാദിത്വങ്ങളുമുണ്ട്. സഹോദരങ്ങളോടുള്ള കടമകളെപ്പറ്റി സംസാരിക്കുന്ന എഴുപതിലധികം നിയമങ്ങൾ നിയ 12–26ൽ ഉണ്ട്. സഹോദരങ്ങളുമായുള്ള ബന്ധത്തിൽ വരുന്ന പാളിച്ചകളും പാപമായി കരുതപ്പെട്ടിരുന്നു: ‘‘നിൻെറ ദൈവമായകർത്താവു നൽകുന്ന പട്ടണങ്ങളിൽ ഗോത്രംതോറും ന്യായാധിപൻമാരെയും സ്ഥാനികളെയും നിയമിക്കണം. അവർ ജനങ്ങൾക്ക് നിഷ്പക്ഷമായി നീതി നടത്തിക്കൊടുക്കട്ടെ. നിൻെറ വിധികൾ നീതി വിരുദ്ധമായിരിക്കരുത്. നീ പക്ഷപാതം കാട്ടുകയോ കൈക്കൂലി വാങ്ങുകയോ അരുത്. എന്തെന്നാൽ, കൈക്കൂലി ജ്ഞാനിയെ അന്ധനാക്കുകയും നീതി നിഷേധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നീ ജീവിച്ചിരിക്കുന്നതിനും നിൻെറ ദൈവമായ കർത്താവു തരുന്ന രാജ്യം കൈവശമാക്കുന്നതിനും വേണ്ടി നീതിമാത്രം പ്രവർത്തിക്കുക’’ (16:18–20; കാണുക 19:15–21). അനീതി ദൈവകൽപ്പനകളുടെ ലംഘനമായിരുന്നു.

പാവപ്പെട്ടവരെയും വിധവകളെയും അനാഥരെയും സംരക്ഷിക്കാൻ പ്രത്യേക നിയമങ്ങളുണ്ടായിരുന്നു: ''പരദേശിക്കും അനാഥനും നീതി നിഷേധിക്കരുത്. വിധവയുടെ വസ്ത്രം പണയം വാങ്ങുകയുമരുത്. നീ ഈജിപ്തിൽ അടിമയായിരുന്നുവെന്നും നിൻെറ ദൈവമായ കർത്താവു നിന്നെ അവിടെനിന്നു മോചിപ്പിച്ചുവെന്നും ഓർക്കണം. അതുകൊണ്ടാണ് ഇങ്ങനെ ചെയ്യണമെന്നു നിന്നോടു ഞാൻ കൽപിക്കുന്നത്'' (24:17–18; കാണുക 15:1–18;). കുറ്റക്കാരെ വിചാരണ ചെയ്യുമ്പോൾ പ്രതികാരമനോഭാവം പുലർത്തിക്കൂടാ (19:1–13). ലൈംഗിക വിശുദ്ധിയും വിശ്വസ്തതയും അതിപ്രധാനമായി കരുതപ്പെട്ടു (22:13–30).

**വാഗ്ദാനപേടകം**

ദൈവം അദൃശ്യനാണ് എന്ന നിയമാവർത്തനചിന്ത വാഗ്ദാനപേടകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലും ദൃശ്യമാണ്. മുൻകാല ചിന്തയിൽനിന്നു വ്യത്യസ്തമായി പേടകം ദൈവത്തിന്റെ ഇരിപ്പിടമല്ലാതായി. വാഗ്ദനപേടകം ദൈവത്തിന്റെ യാത്രാരഥമാണെന്നു തോന്നിക്കുന്ന തരത്തിലുള്ള സ്വർണ്ണം പൂശലോ കെരൂബുകളുടെ രൂപങ്ങളോ ഒന്നുംതന്നെ നിയമാവർത്തന ഗ്രന്ഥകാരന്റെ പേടകവിവരണത്തിൽ കാണുന്നില്ല (പുറ 25:10–22). ഈ കാഴ്ചപ്പാടനുസരിച്ച് വാഗ്ദാനപേടകത്തിന് ഒരു ദൗത്യം മാത്രമേയുള്ളൂ: അതു കർത്താവിന്റെ നിയമത്തിന്റെ ഫലകങ്ങൾ സൂക്ഷിക്കുന്ന സ്ഥലം മാത്രമാണ് (10:1–5). അതായത്, ഏറ്റവും പൂജ്യമായി ഇസ്രായേൽ ജനം അന്നുവരെ കരുതിയിരുന്ന വിശുദ്ധവസ്തു അതിനെക്കാൾ വിശുദ്ധമായ (ഏകദൈവത്തിന്റെ) നിയമങ്ങൾ എഴുതിയ ഫലകങ്ങൾ സൂക്ഷിക്കുന്ന പേടകമായി അദ്ദേഹം കരുതി. നിയമഗ്രന്ഥം പേടകത്തോടു ചേർത്തു വയ്ക്കുകയും ചെയ്തു. ഈ നിയമം വായിക്കുമ്പോഴാണ് ജനം ദൈവത്തെക്കുറിച്ചു ജ്ഞാനികളാവുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്നത് (31:12, 13, 26).

പഴയ ചിന്തയനുസരിച്ചു ദൈവത്തിനു യാത്ര ചെയ്യാനുള്ള രഥമായിരുന്നു പേടകം (സംഖ്യ 10:33–36; 14:42–44; നിയ 1:42–43 താരതമ്യം ചെയ്തുവായിച്ചാൽ ഇതുവ്യക്തമാകും). ''കർത്താവിന്റെ വാഗ്ദാനപേടകം പാളയത്തിൽ നിന്നിറങ്ങിച്ചെന്നില്ല'' എന്നു സംഖ്യയുടെ ഗ്രന്ഥം പറയും (14:44); അതുകൊണ്ടാണ് ഇസ്രായേൽ പരാജയപ്പെട്ടത്. ഈ സംഭവം വിവരിക്കുമ്പോൾ ദൈവം അവരോടൊത്തുണ്ടായിരുന്നില്ല എന്നല്ലാതെ വാഗ്ദാനപേടകത്തെക്കുറിച്ച് നിയമാവർത്തന ഗ്രന്ഥകാരൻ ഒന്നും പറയുന്നില്ല.

അതുപോലെതന്നെ സംഖ്യയുടെ വിവരണമനുസരിച്ച് ഇസ്രായേലിന്റെ യാത്രയുടെ അവസരത്തിൽ അവർക്കു വിശ്രമസ്ഥലമന്വേഷിച്ചു പോയതു കർത്താവിന്റെ വാഗ്ദാനപേടകമാണ് (10:33). യുദ്ധത്തിനു പുറപ്പെടുമ്പോൾ എന്തുചെയ്യണമെന്നു മോശ നിർദ്ദേശങ്ങൾ നല്കുന്ന നിയമാവർത്തന വിവരണത്തിൽ (20:1–5) വാഗ്ദാനപേടകമേ ഇല്ല എന്നതു ശ്രദ്ധേയമാണ്. വാസ്തവത്തിൽ 1സാമു 4:6–7 പോലെ വാഗ്ദാനപേടകം സന്നിഹിതമാകേണ്ട ഒരു ഭാഗമാണിത്. എന്നാൽ ജനത്തോടൊത്തുള്ള ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചു മാത്രമേ നിയമാവർത്തന ഗ്രന്ഥകാരൻ സംസാരിക്കുന്നുള്ളു (20:1–5).

നിയമാവർത്തന ചിന്തകനായ ജറെമിയായിലും ഇതിനു സമാനമായ ദർശനം കാണാം: ''കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങൾ പെരുകി നാടുനിറഞ്ഞു കഴിയുമ്പോൾ കർത്താവിൻെറ സാക്ഷ്യപേടകത്തെപ്പറ്റി ആരും ഒന്നും പറയുകയില്ല. അവർ അതിനെപ്പറ്റി ചിന്തിക്കുകയോ, അത് ആവശ്യമെന്നു കരുതുകയോ ഇല്ല; മറ്റൊന്നു നിർമ്മിക്കുകയുമില്ല. കർത്താവിൻെറ സിംഹാസനമെന്ന് അന്നു ജറൂസലെം വിളിക്കപ്പെടും. സകല ജനതകളും അവിടെ കർത്താവിൻെറ *നാമത്തിൽ* സമ്മേളിക്കും. ഇനി ഒരിക്കലും അവർ തങ്ങളുടെ ദുഷ്ടഹൃദയത്തിൻെറ ഇംഗിതങ്ങൾക്കു വഴിപ്പെടുകയില്ല'' (3:16–17).

**രക്തം**

നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാർ ബലിയർപ്പണം ജറുസലെമിൽ മാത്രമായി പരിമിതപ്പെടുത്തി (നിയ 12). എന്നാൽ അതേ സമയം തന്നെ ബലിയ്ക്കുവേണ്ടിയല്ലാതെ മൃഗങ്ങളെ കൊല്ലാനുള്ള അനുവാദവും വിശ്വാസികൾക്കു നല്കി. നിയമാവർത്തന നിയമത്തിന്റെ ആവിർഭാവത്തിനു മുമ്പ് നായാട്ടിലൊഴികെ മറ്റൊരവസരത്തിലും മൃഗങ്ങളെ കൊല്ലാൻ ഇസ്രായേൽക്കാർക്ക് അനുവാദമുണ്ടായിരുന്നില്ല. ഒരു മൃഗത്തെ ഒരുവൻ കൊല്ലുന്നെങ്കിൽ അതിന്റെ രക്തം ബലിപീഠത്തിൽ തളി

ക്കാൻ അവൻ ബാധ്യസ്ഥനായിരുന്നു (ലേവ്യ 17:11–7; 1സാമു 14:32–35). അങ്ങനെ ചെയ്യുന്നില്ലെങ്കിൽ കൊല്ലുന്നയാൾ ആ രക്തത്തിന് ഉത്തരവാദിയായിത്തീരുമായിരുന്നു. എന്നാൽ രക്തം ബലിപീഠത്തിൽ തളിക്കാനുള്ള ഉത്തരവാദിത്വമില്ലാതെ മൃഗങ്ങളെകൊന്നു ഭക്ഷിക്കാൻ നിയമാവർത്തന നിയമം ജനത്തിന് അനുവാദം നല്കി (12:15, 16, 20–24). തത്ഫലമായി ഇസ്രയേൽ ജനത്തിന്റെ ജീവിതത്തിൽ വലിയ സ്വാതന്ത്ര്യമാണു ലഭ്യമായത്.

ലേവ്യരുടെ ഗ്രന്ഥത്തിലെ നിയമമനുസരിച്ച് ഒരുവൻ വളർത്തുമൃഗങ്ങളെ വധിച്ചാൽ അതിന്റെ രക്തം ബലിപീഠത്തിൽ തളിക്കേണ്ടിയിരുന്നു. നായാടിപ്പിടിക്കുന്ന മൃഗങ്ങളുടെ രക്തം അയാൾ മണ്ണിട്ടു മൂടുകയും വേണം (ലേവ്യ 17:13). കാരണം രക്തം ചിന്തുന്നത് പാപകരമാണ്. അതിനു പരിഹാരമായാണ് അത് അൾത്താരയിൽ ഒഴിക്കുന്നത്. അങ്ങനെ ബലിപീഠത്തിലൊഴിക്കാൻ കഴിയാത്ത നായാട്ടു മൃഗങ്ങളുടെ രക്തമാണു മണ്ണിട്ടു മുടേണ്ടിയിരുന്നത്. അങ്ങനെ ചെയ്യുന്നില്ലങ്കിൽ തുറന്ന സ്ഥലത്തു കിടക്കുന്ന രക്തം ദൈവസന്നിധിയിൽ പ്രതികാരത്തിനായി നിലവിളിക്കും (ജോഷ്വ 16:18; ഏശ 26:21; എസ 24:7–8). ജീവന്റെ വിളിയായതിനാൽ ദൈവം അതിനോടു പ്രതികരിക്കുകയും ചെയ്യും. ഒരു മനുഷ്യനാണു വധിക്കപ്പെടുന്നതെങ്കിൽ അതിന്റെ പ്രതികാരം ദൈവംതന്നെ ഏറ്റെടുക്കും. ഈ നിയമങ്ങളെല്ലാം തിരസ്കരിച്ചുകൊണ്ട് ബലിയ്ക്കല്ലാതെ മൃഗങ്ങളെ കൊല്ലാമെന്നും അങ്ങനെ കൊല്ലപ്പെടുന്നവയുടെ രക്തം വെള്ളംപോലെ നിലത്തൊഴിച്ചു കളയണമെന്നും നിയമാവർത്തകൻ പറഞ്ഞു (12:16, 24). കാരണം ജലത്തെക്കാൾ കൂടിയ വിലയൊന്നും രക്തത്തിനില്ല. എന്നാൽ രക്തം ഭക്ഷിക്കരുത് എന്ന നിയമം അദ്ദേഹം നിലനിർത്തുന്നുണ്ട് (നിയ 12:23; കാണുക ഉൽപ 9:4; ലേവ്യ 17:11).

# പഠന അധ്യായങ്ങൾ

### നിയ 22:1–30 : ദൈവികനിയമം കാത്തുസൂക്ഷിക്കുക

സാമൂഹ്യഉത്തരവാദിത്വം സംബന്ധിക്കുന്ന നിയമങ്ങളാണ് ഇനിയുള്ളത്. അന്യരോടു പരിഗണന കാണിക്കുക എന്ന ആവശ്യം 22:1–12 ഭാഗത്തെ ഒരുമിപ്പിച്ചു നിർത്തുന്നു. 22:13–30 നെ ലൈംഗികധാർമികത എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം.

അന്യന്റെ സ്വത്തവകാശം മാനിക്കണം എന്നതാണ് 22:1–4ന്റെ ഉള്ളടക്കം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗത്തെ കണ്ടാൽ അതിന്റെ ഉടമസ്ഥനെ ഏല്പിക്കണം. നഷ്ടപ്പെട്ട വസ്തുക്കൾ ഉടമസ്ഥനെ തിരിച്ചേല്പിക്കണം. വഴിയിൽ വീണുകിടക്കുന്ന മൃഗങ്ങളെ എഴുന്നേൽപ്പിക്കാൻ സഹായിക്കുന്നത് അയൽക്കാരനോടു മാത്രമല്ല മൃഗങ്ങളോടുമുള്ള പരിഗണനയുടെ അടയാളമാണ്. അടയിരിക്കുന്ന തള്ളപ്പക്ഷിയെ പറന്നു പോകാൻ അനുവദിക്കണം എന്ന നിയമവും (22:6–7) ഇപ്രകാരമുള്ള പരിഗണനയാൽ പ്രചോദിതമാണ്. മുന്തിരിത്തോട്ടത്തിൽ മറ്റു കൃഷികൾ പാടില്ല എന്നതും (22:9) കാളയെയും കഴുതയെയും ഒരുമിച്ചു കൂട്ടി ഉഴരുതെന്നും (22:10) ഉള്ള കല്പനകൾ പ്രകൃതിദത്തമായ ക്രമം പാലിക്കപ്പെടണം എന്ന തത്ത്വം അനുസരിച്ചുള്ളതാണ്. അതുതന്നെയാണ് വസ്ത്രത്തെപ്പറ്റിയുള്ള നിയമത്തിന്റെയും പുറകിലുള്ളത് (22:11).

ലൈംഗികധാർമികത കൈകാര്യം ചെയ്യുന്ന 22:13–30 ഭാഗത്തിന് ബി.സി. പതിനഞ്ചാം നൂറ്റാണ്ടിൽ നിലവിലിരുന്ന പല അസ്സീറിയൻ നിയമങ്ങളോടും സമാനതയുണ്ട്. ആറു വ്യത്യസ്തനിയമ

ങ്ങളാണിവിടെ കൊടുത്തിരിക്കുന്നത്. വിവാഹസമയത്ത് കന്യകയല്ലാത്ത യുവതിയെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള നിയമം (22:13-21) ഇന്നത്തെ സാഹചര്യത്തിൽ ക്രൂരമായിത്തോന്നാം. ലൈംഗിക രംഗത്തുള്ള ക്രമമായ നിയമങ്ങൾ വഴിയേ സമൂഹത്തിന്റെ സുസ്ഥിതി ഉറപ്പുവരുത്താൻ കഴിയൂ എന്ന ചിന്തയാണിതിന്റെയെല്ലാം പുറകിലുള്ളത്. വ്യഭിചാരക്കുറ്റത്തിന് മരണശിക്ഷ നല്കുന്നതാണ് അടുത്ത രണ്ടു നിയമങ്ങൾ (22:22-24). എന്നാൽ ബലാൽസംഗം ചെയ്യപ്പെടുന്ന സ്ത്രീക്ക് അതു സംഭവിക്കുന്നത് പട്ടണത്തിലോ വയലിലോ വച്ച് എന്ന വ്യത്യാസത്തിന്മേൽ ശിക്ഷയ്ക്കും വ്യത്യാസം വരാം (22:25-26). നിരപരാധിയായ ഒരു യുവതിയെ മാനഭംഗം ചെയ്യുന്നയാൾ അവളെ പരിഗ്രഹിക്കേണ്ടിയിരിക്കുന്നു. അതിനു പുറമേ യുവതിയുടെ പിതാവിന് നിശ്ചിത തുക സ്ത്രീധന മായി നല്കുകയും ചെയ്യണമായിരുന്നു (22:29). ഒരു കാരണവശാലും അങ്ങനെയുള്ള ഒരു ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ലായിരുന്നു. ''പിതാവിന്റെ ഭാര്യ'' (22:30) എന്നത് രണ്ടാനമ്മയാണ്.

**നിയ 23:1-25:19 : പൊതുപെരുമാറ്റച്ചട്ടം**

നിയമാവർത്തനഗ്രന്ഥകാരൻ ഇസ്രായേൽ സമൂഹത്തിൽ അംഗമായിരിക്കുന്നവരെ വളരെയ ധികം പ്രത്യേകതകൾ ഉള്ള ഒരു വിഭാഗമായിട്ടാണു കണക്കാക്കുന്നത്. അവർ തമ്മിൽത്തമ്മിലും മറ്റു ള്ളവരോടും പുലർത്തേണ്ട വളരെ വ്യക്തമായ സാമൂഹ്യ ക്രമമുണ്ട്. അതിൽ ഒന്നാണ് വിജാതീയ രോടുള്ള പെരുമാറ്റരീതി (23,1-8). തിരുനാളാഘോഷങ്ങൾ, ജനം മുഴുവൻ ഒരുമിച്ചു ചേർന്നു നട ത്തുന്ന ആരാധന, ജനം ഒന്നടങ്കം നടത്തുന്ന യുദ്ധങ്ങൾ തുടങ്ങിയ ഒന്നുചേരലിനെ ''കർത്താവിന്റെ സഭ'' (ഹീബ്രുവിൽ കഹാൽയാഹ്‌വെ) എന്നു വിളിച്ചിരുന്നു. മതപരവും രാഷ്ട്രീയവുമായ ലക്ഷ്യ ങ്ങൾ ഈ ഒന്നുചേരലിന് ഉണ്ടായിരുന്നതിനാൽ രണ്ടു തരത്തിലും യോഗ്യരായവരെ മാത്രമേ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നുള്ളൂ. ഇസ്രായേൽ ഒരു പിതാവിൽ നിന്ന് ആരംഭംകൊണ്ട ഒരു വലിയ കൂട്ടുകുടുംബമാണ് എന്ന സങ്കല്പമാണ് നിയമാവർത്തനഗ്രന്ഥകാരനു ണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ഇസ്രായേൽ മക്കൾ എല്ലാവരും ഒരു കുടുംബത്തിലെ അംഗ ങ്ങളായിരുന്നു. അവർ തമ്മിലുള്ള ബന്ധവും ഇടപാടുകളുടെ സ്വഭാവവും മറ്റുള്ളവരോടുള്ള ബന്ധത്തിൽ നിന്നു വ്യത്യസ്തമായിരിക്കുമല്ലോ. ഉടമ്പടിയുടെ ആനുകൂല്യങ്ങൾ ഈ കുടും ബത്തിലുള്ളവർക്കു മാത്രമുള്ളതായിരുന്നു.

അസ്സീറിയൻ അടിമത്തം വരുത്തിവച്ച സാമൂഹ്യമാറ്റങ്ങളും ബാബിലോണിൽ നിന്നുള്ള ഭീഷ ണിയും കൂടിയായപ്പോൾ യഹൂദജനം തകരുന്ന ഒരവസ്ഥയാണുണ്ടായിരുന്നത്. അവരെ ഒരുമിച്ചു നിർത്താനും അവരുടെയിടയിൽ ഐക്യം വളർത്തിയെടുക്കാനും നിയമാവർത്തനഗ്രന്ഥകാരൻ അക്ഷീണം പ്രവർത്തിക്കുകയാണ് ഈ നിയമത്തിലൂടെ.

23:1-8 വരെയുള്ള ഭാഗത്ത് ഒഴിവാക്കപ്പെടേണ്ടവരുടെ ഒരു ലിസ്റ്റാണുള്ളത്. ലൈംഗികമായ അപര്യാപ്തതയുടെ പേരിലും ചരിത്രപരവും വംശീയവുമായ കാരണങ്ങളാലും ഈ ഒഴിവാക്കൽ നീതീകരിക്കപ്പെട്ടിരിക്കുന്നു. ലൈംഗികമായ കഴിവ് ദൈവികാനുഗ്രഹത്തിന്റെ അടയാളമായി ആരംഭം മുതലേ കണക്കാക്കപ്പെട്ടിരുന്നു. ഒരാൾ പൂർണനാകുന്നതും അപ്പോഴാണ്. അതുകൊ ണ്ടാണ് അപൂർണനായ ഒരു വ്യക്തിയെ-വൃഷണം ഛേദിക്കപ്പെട്ടവനോ, ഷണ്ഡനോ ആയവരെ - സഭയിൽ പ്രവേശിപ്പിക്കാതിരുന്നത്. അവിഹിതബന്ധത്തിൽ ജനിച്ചവർ കർത്താവിന്റെ നിയമങ്ങളെ ലംഘിച്ചുകൊണ്ടു പിറന്നവരാണ് (23:2). അമോന്യരെയും മൊവാബുകാരെയും പത്താം തലമുറ വരെ ഒഴിവാക്കിയിരിക്കുന്നത്, ഇസ്രായേൽക്കാരോട് അവർ ചെയ്ത ക്രൂരത നിമിത്തമാണ്. പ്രവാച കഗ്രന്ഥങ്ങളിലും ഇതിന്റെ പ്രതിഫലനമുണ്ട് (ജറെ. 41:15). മൊവാബുകാരനായ ബാലാമിന്റെ പ്രവൃ ത്തിയാണ് കുറ്റകരമായി കണക്കാക്കപ്പെട്ടിരുന്നത് (സംഖ്യ 22-24).

ഏദോംകാരോടും ഈജിപ്തുകാരോടും അനുകൂലമായ സമീപനമാണു സ്വീകരിച്ചിരിക്കുന്ന ത്. അതേസമയം പുറപ്പാടു പുസ്തകത്തിൽ വളരെ പ്രതിലോമപരമായ സമീപനമാണ് ഈജിപ്തി നോടുള്ളത്. പ്രവാസകാലത്തിനുമുമ്പ് ഏതാണ്ട് രണ്ടു നൂറ്റാണ്ടോളം ഈജിപ്തുമായി രാഷ്ട്രീയ തലത്തിൽ ഉണ്ടായിരുന്ന കൂട്ടുകെട്ടായിരിക്കാം കാഴ്ചപ്പാടിലെ വ്യതിയാനത്തിനു കാരണം. സഭ യിലെ അംഗത്വത്തെക്കുറിച്ചുള്ള കർക്കശമായ ഈ നിലപാടിൽ പിൽക്കാലത്തു മാറ്റമുണ്ടായി. സകല ജനങ്ങളും കർത്താവിന്റെ ആലയത്തിലേക്കു വരുമെന്നും ഷണ്ഡന്മാർക്ക് ഉന്നതമായ

സ്ഥാനം നല്കുമെന്നും ഏശയ്യായിലൂടെ കർത്താവ് അരുളിച്ചെയ്യുന്നുണ്ട് (ഏശ 56:1–8). എതോപ്യക്കാരൻ ഷണ്ഡന്റെ മാനസാന്തരം (അപ്പ 8:26–38) ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ്.

23:9–14; പാളയത്തിന്റെ വിശുദ്ധിയെപ്പറ്റി പ്രതിപാദിക്കുന്നു. ആരോഗ്യപരമായ പരിഗണനയാണ് ഇതിനു പുറകിലുള്ളത്. ശരീരവും പരിസരവും ശുദ്ധമായി സൂക്ഷിക്കണം എന്നത് മതപരമായ കടമയായി അവതരിപ്പിച്ചിരിക്കുന്നു. കർത്താവു തങ്ങളുടെ മധ്യേ വസിക്കുന്നു എന്നതാണ് ശുചിത്വം പാലിക്കുന്നതിനു കാരണമായി എടുത്തുകാട്ടിയിരിക്കുന്നത്.

**നിയ 23:15–24:22 : ദരിദ്രർക്കു പ്രത്യേക സംരക്ഷണം**

സാമൂഹ്യനീതിയെയും ആരാധനയെയും സംബന്ധിച്ച അനേകം നിയമങ്ങൾ ഇവിടെ സമാഹരിച്ചിരിക്കുന്നു. 23:15–16ൽ ഒളിച്ചോടിവരുന്ന അടിമയെ സംരക്ഷിക്കേണ്ട കാര്യമാണുള്ളത്. ഹമറബിയുടെ നിയമസംഹിതയിൽ ഒളിച്ചോടുന്ന അടിമയ്ക്ക് അഭയം നല്കുന്നവർക്ക് മരണശിക്ഷയാണു നിശ്ചയിച്ചിരിക്കുന്നത്. നിയമാവർത്തനഗ്രന്ഥത്തിലുള്ളത് കൂടുതൽ മനുഷ്യത്വപൂർണമായ സമീപനമാണ്. ഈജിപ്തിൽ തങ്ങൾ അടിമകളായിരുന്നു എന്ന ചിന്ത ഇതിനു പ്രേരകമായിരുന്നിരിക്കാം. കാനാൻകാരുടെയിടയിൽ ഫലപുഷ്ടിക്കുവേണ്ടി വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഇതിനുവേണ്ടി സ്ത്രീകളും പുരുഷന്മാരും നിയുക്തരായിരുന്നു. അവർക്കു കിട്ടിയിരുന്ന വേതനത്തിൽ നിന്ന് കർത്താവിന്റെ ആലയത്തിൽ നേർച്ചയിടുന്നത് ഇവിടെ വിലക്കിയിരിക്കയാണ് (23:17–18). പുരുഷവേശ്യകളുടെ പ്രതിഫലത്തെയാണ് ''നായയുടെ വേതനം'' എന്നു പറഞ്ഞിരിക്കുന്നത്. വിശ്വാസികളുടെ കൂട്ടായ്മയിൽ നിലനില്ക്കേണ്ട പ്രത്യേക ബന്ധത്തെയാണ് പലിശവാങ്ങൽ നിരോധം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് (23:19–20). നേർച്ച നേരാൻ ആർക്കും കടമയില്ല; എന്നാൽ നേർന്ന നേർച്ചകൾ നിറവേറ്റപ്പെടണം (23:21–23). വിശക്കുന്നവർക്ക് ആഹാരം ലഭ്യമാക്കുന്ന ഒരു നിയമമാണ് 23:24–25ലുള്ളത്. സസ്യലതാദികളും ഫലമൂലാദികളും ദൈവം സൃഷ്ടിച്ചത് അതിനുവേണ്ടിയാണല്ലോ (ഉത്പ 1:29). വിശക്കുന്നവന് അന്യന്റെ വയലിൽ നിന്നു ഭക്ഷിക്കാം. എന്നാൽ സൂക്ഷിച്ചുവയ്ക്കാൻവേണ്ടി ശേഖരിക്കരുത് (23:24–25).

വിവാഹമോചനത്തെ സംബന്ധിക്കുന്ന നിയമമാണ് 24:1–4 ലുള്ളത്. മധ്യപൗരസ്ത്യനിയമസംഹിതകളിൽ ഒന്നിലും ഇതിനു സമമായിട്ടുള്ള നിയമമില്ല. സാമൂഹ്യമായ ആശയക്കുഴപ്പങ്ങൾ വർധിക്കാതിരിക്കാനായിരിക്കാം ഇതുപോലൊരു നിയമം നല്കപ്പെട്ടത്. വിവാഹവും വിവാഹമോചനവും ഗൗരവമായി കണക്കാക്കേണ്ട വിഷയങ്ങളാണ്. പുതുതായി വിവാഹിതനായ പുരുഷന് ഒരു വർഷത്തേക്ക് സൈനികസേവനം നല്കാൻ പാടില്ല എന്നതും (24:5) അനുദിനഭക്ഷണം തയ്യാറാക്കാൻ ഉപയോഗിക്കുന്ന തിരികല്ലും മേൽക്കല്ലും പണയമായി വാങ്ങാൻ പാടില്ല എന്നതും (24:6) വളരെ മനുഷ്യത്വപൂർണമായ നിയമങ്ങളാണ്. പണയം വാങ്ങുമ്പോൾ പുലർത്തേണ്ട പരിഗണന 24:10–13 ൽ കാണാം. വേലക്കാർക്ക് അർഹമായ കൂലി തക്കസമയത്തു കൊടുക്കുന്ന കാര്യമാണ് നിയമംവഴി 23:14–15 ൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. ദൈവം പാവപ്പെട്ടവരുടെ സംരക്ഷകനാണെന്ന് പ്രത്യേകം ഊന്നൽ കൊടുത്ത് പറഞ്ഞിരിക്കുന്നു. കൂട്ടുത്തരവാദിത്വത്തിന്റെ സാഹചര്യത്തിൽ കുറ്റം ചെയ്യാത്തവർ പോലും ശിക്ഷിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് ''പാപത്തിനുള്ള മരണശിക്ഷ അവനവൻതന്നെ അനുഭവിക്കണം'' എന്നു പറഞ്ഞിരിക്കുന്നത് (23:16). മാനവിക നീതി നടപ്പാക്കുമ്പോഴാണ് ഇതു ശ്രദ്ധിക്കേണ്ടത്. ചിലപ്പോൾ ദൈവത്തിന്റെ നീതി ഇതിൽ നിന്നു വ്യത്യസ്തമായി അനുഭവപ്പെട്ടേക്കാം (ജോഷ്വാ 7:24; നിയ 13:15). 24:19–22ൽ കാണുന്ന ആചാരം പാവപ്പെട്ടവരെ സഹായിക്കാനുള്ള ഒരു മാർഗമായി പുരാതനകാലം മുതലേ നിലനിന്നിരുന്നതാണ്. സമൂഹത്തെ മുഴുവൻ ഒന്നായി കാണാനുള്ള യത്നമാണിവിടെ. കൊയ്ത്തുകഴിഞ്ഞ് വിളവിന്റെ ഉടമസ്ഥനും വേലക്കാരും സന്തോഷിക്കുമ്പോൾ ഭൂരഹിതനായ പാവപ്പെട്ടവനും പരദേശിക്കും സന്തോഷിക്കാൻ എന്തെങ്കിലും വക ഉണ്ടായിരിക്കണം. അനാഥനേയും പരദേശിയെയും വിധവയെയും ചൂഷണം ചെയ്യുന്നത് വലിയ തെറ്റായിട്ടാണ് കർത്താവു കാണുന്നത്. ഇപ്രകാരമുള്ളവർക്ക് സംരക്ഷണം നല്കാനും അവരോട് കരുണ കാണിക്കാനും സമൂഹം പ്രത്യേകം കടപ്പെട്ടിരിക്കുന്നു. അവർക്ക് നീതി നിഷേധിക്കുന്നവരോട് കർത്താവ് കണക്കു ചോദിക്കും.

### നിയ 25:1-19 : സമൂഹത്തിലെ നീതിപാലനം

വ്യത്യസ്തങ്ങളായ നിയമങ്ങൾ ഉൾക്കൊള്ളുന്ന ഈ അധ്യായത്തിൽ തർക്കത്തിൽ കുറ്റവാളിയെ ശിക്ഷിക്കുന്നതിനെക്കുറിച്ചും അടിശിക്ഷയെക്കുറിച്ചും (25:1-4) ഭർതൃസഹോദരധർമത്തെക്കുറിച്ചും (25:5-10) പ്രതിപാദിച്ചതിനുശേഷം പരസ്പരം ബന്ധമില്ലാത്ത ഏതാനും നിയമങ്ങൾ 25:11-19ൽ കൊടുത്തിരിക്കുന്നു. കുറ്റങ്ങൾക്കു ശിക്ഷ കൊടുക്കുമ്പോഴും വ്യക്തിയെ മാനിക്കണം എന്ന് 25:3ൽ പ്രസ്താവിച്ചിരിക്കുന്നു. ''മെതിക്കുന്ന കാളയുടെ വാ കെട്ടരുത്'' (25:4) എന്ന വാക്യം മൃഗങ്ങൾക്കു പോലും ചില അവകാശങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു. കാളയെക്കൊണ്ടു വലിപ്പിച്ചാണ് ധാന്യങ്ങൾ മെതിച്ചിരുന്നത്. മെതിക്കുമ്പോൾ കാള ഇഷ്ടമുള്ളിടത്തോളം ധാന്യം തിന്നുകൊള്ളട്ടെ എന്ന അനുശാസനമാണ് നാമിവിടെ കാണുന്നത്.

ഭർതൃസഹോദരധർമം (25:5-10) പുരുഷസന്താനമില്ലാതെ ഒരുവൾ വിധവയായാൽ, അവളുടെ ഭർതൃസഹോദരൻ അവളെ പരിഗ്രഹിച്ച് മരിച്ചുപോയ സഹോദരനുവേണ്ടി മക്കളെ ജനിപ്പിച്ച്, ആ കുട്ടിക്ക് സഹോദരന്റെ പേര് നല്കി ഇസ്രായേലിൽ മരിച്ചുപോയ ആളുടെ ഓർമ നിലനിർത്തണമായിരുന്നു. അതിന് ഒരുവൻ വിസമ്മതിച്ചാൽ എന്താണു ചെയ്യേണ്ടതെന്നും ഇവിടെക്കാണാം. കുടുംബത്തിലെ സ്വത്ത് വേറൊരാളുടെ പക്കൽ എത്തിപ്പെടാതിരിക്കാനുള്ള ഒരു മാർഗമായിരുന്നു ഇത്. പെൺമക്കൾക്കും പിതൃസ്വത്തിൽ അവകാശമുണ്ടെന്ന നിയമം വന്നതോടെ ഈ നിയമം അപ്രസക്തമായി (സംഖ്യ 27:1-11). പുത്രന്മാരിലൂടെ വാഗ്ദത്തഭൂമിയിൽ തുടരുന്ന അവകാശമാണ് ഒരു കാലത്ത് വ്യക്തികളുടെ നിലനില്പായി കരുതിപ്പോന്നത്. മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള ചിന്ത സാവകാശമാണ് ഇസ്രായേലിൽ വ്യാപകമായത്.

പുരുഷന്മാരുടെ വഴക്കിൽ ഇടപെടുന്ന സ്ത്രീകളെ സംബന്ധിച്ചുള്ള നിയമം (25:11-12) സമൂഹത്തിൽ പുരുഷന്റെ അന്തസ് നിലനിർത്തുന്നതിനും ജനനേന്ദ്രിയത്തിന്റെ പവിത്രതയും പ്രത്യുല്പാദന പ്രക്രിയയുടെ പ്രാധാന്യവും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു. കച്ചവടത്തിൽ സത്യസന്ധതയും നീതിയും പുലർത്തണം (25:14-16). ഇതിന് അടിസ്ഥാനമായി രണ്ടു തത്ത്വങ്ങൾ പറയുന്നുണ്ട് : 1) നീതി പാലിച്ചാലേ ദീർഘായുസ്സു ലഭിക്കൂ; 2) അനീതി പ്രവർത്തിക്കുന്നവർ കർത്താവിനു നിന്ദ്യരാണ്; 25:17-19ൽ കൊടുത്തിരിക്കുന്ന അമലേക്യരെപ്പറ്റിയുള്ള പരാമർശത്തിന് നീതി നിർവഹണവുമായി ബന്ധമൊന്നുമില്ല അമലേക്യർ ഇസ്രായേൽക്കാരെ എന്നും ഉപദ്രവിച്ചുകൊണ്ടിരുന്നു (പുറ 17:8-15). കാനാൻദേശത്തു താമസമാക്കിയതിനുശേഷവും ഇവരുടെ ഉപദ്രവം തുടർന്നുപോന്നു (1 സാമു 14:48; 15:1-19; 2 സാമു 8:12). ഗ്രാമങ്ങളുടെ മേൽ ചാടിവീണു കൊള്ളയും കൊലയും നടത്തുക അവരുടെ പതിവായിരുന്നു (1 സാമു 30:1-20). അമലേക്യരോട് പ്രതികാരം ചെയ്യുന്നതിനേക്കാൾ ഇസ്രായേലിലെ ഗ്രാമീണർക്കു സംരക്ഷണം ഉറപ്പുവരുത്തുകയായിരുന്നു ഈ നിർദേശത്തിന്റെ ലക്ഷ്യം. സ്വരക്ഷയ്ക്കും നിലനില്പിനും വേണ്ടി പോരാടുന്ന ഒരു കൊച്ചുരാജ്യത്തിന്റെ മനോഭാവമാണ് ഇവിടെ വെളിവാകുന്നത്.

### നിയ 26:1-11 : വിളവുകളുടെ ആദ്യഫലം

വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചതിനുശേഷമാണ് ഇസ്രായേൽ മുഖ്യമായും ഒരു കാർഷിക സമൂഹമായിത്തീർന്നത്. നിയമസംഹിതയുടെ അന്ത്യത്തിൽ കാർഷിക ജീവിതവുമായി ബന്ധപ്പെട്ട രണ്ടു നിയമങ്ങൾ നല്കിയിരിക്കുന്നു. അവയിൽ ആദ്യത്തേത് വിളവുകളുടെ ആദ്യഫലം കർത്താവിനു സമർപ്പിക്കേണ്ടവിധവും (25:1-11) രണ്ടാമത്തേതു മൂന്നുവർഷത്തിൽ ഒരിക്കൽ വിളവുകളുടെ ദശാംശം ഉപയോഗിക്കേണ്ട വിധവും വിവരിക്കുന്നു. നിയമസംഹിതയുടെ അവസാനം 26:16-19, ഈ നിയമങ്ങളെല്ലാം പാലിക്കാനുള്ള ആഹ്വാനവും അതുമൂലം ജനത്തിനു ലഭിക്കാൻ പോകുന്ന മഹത്ത്വവും വിവരിച്ചിരിക്കുന്നു.

നിയമസംഹിത ആരംഭിച്ചത് 12-ാമത്തെ അധ്യായത്തിൽ ദൈവം തന്റെ നാമം സ്ഥാപിക്കാൻ പോകുന്ന സ്ഥലത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ്. അതിന്റെ അവസാനം (26) അങ്ങനെതന്നെ. ഈ ദേവാലയത്തിന് ജനത്തിന്റെ വിശ്വാസജീവിതത്തെ ക്രമപ്പെടുത്തുന്നതിലുള്ള സ്ഥാനമാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവത്തിന്റ മുമ്പിൽ നന്ദിയുള്ളവരായിരിക്കണം, ഇസ്രായേലിനു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കുമായി. ആദ്യഫലം കൊട്ടയിൽ എടുത്ത് വിശുദ്ധ ഭവനത്തിൽ കൊണ്ടുവന്ന്

കാഴ്ചവയ്ക്കുന്നതിന്റെ അർഥം അതാണ്. ആരാധനയുടെ അർഥം തന്നെ ഇതാണ്. നന്ദിപ്രകടനം, കൂട്ടത്തിൽ തങ്ങൾ കടന്നുപോന്ന വഴി അനുസ്മരിക്കാൻ (26:5–10) അതു ചെയ്യുമ്പോൾ ദൈവത്തിന്റെ പ്രവൃത്തികളെയും ഓർക്കാതെ വയ്യ (26:11–12). അതിന്റെ ഫലം ദേശത്തു വസിക്കുന്ന പാവപ്പെട്ടവർക്കു ലഭിക്കണം – ലേവ്യനും പരദേശിക്കും അനാഥനും വിധവയ്ക്കും. ആരാധനയ്ക്ക് ഒരു സാമൂഹ്യമാനം കൂടി കൈവരികയാണിവിടെ.

ദേശം മുഴുവനും ദൈവത്തിന്റെ ദാനമാണെന്നു പ്രഖ്യാപിച്ചുകൊണ്ടാണ് സമർപ്പണം തുടങ്ങുന്നത് (26:1–4). 26:5–10a-യിൽ കാണുന്നതാണ് ഇസ്രായേലിന്റെ വിശ്വാസപ്രമാണം. തങ്ങളെ ഇന്നത്തെ നിലയിലാക്കിത്തീർത്ത ദൈവത്തിന്റെ ഇടപെടലുകൾ എല്ലാം അതിൽ വിവരിച്ചിരിക്കുന്നു. ഇസ്രായേലിന്റെ വിശ്വാസത്തിന്റെ ഭാഗമാണ് വാഗ്ദത്തഭൂമി. ആധുനിക ഇസ്രായേലിന്റെ രാഷ്ട്രീയ നിലപാട് ഇതിൽ അധിഷ്ഠിതമാണ്. ഉത്പത്തി മുതൽ ജോഷ്വാവരെയുള്ള പുസ്തകങ്ങളുടെ ഉള്ളടക്കമാണ് ഈ വിശ്വാസപ്രമാണത്തിൽ ഉള്ളത്. ''അലഞ്ഞുതിരിഞ്ഞുനടന്ന അരാമായൻ'' യാക്കോബാണ്. അദ്ദേഹത്തിന്റെ സന്തതികളാണ് ഇന്ന് വാഗ്ദത്തഭൂമിയിലെ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നത്. എല്ലാം യഹോവായുടെ കൃപാകടാക്ഷം മാത്രം. സീനായ് ഉടമ്പടിയെപ്പറ്റി ഇവിടെ ഒന്നും പറയുന്നില്ല എന്നതു ശ്രദ്ധാർഹമാണ്. ജനത്തിനും ദേശത്തിനും കർത്താവിന്റെ കൃപാകടാക്ഷം യാചിച്ചുകൊണ്ടാണ് പ്രാർഥന അവസാനിക്കുന്നത്.

### നിയ 26:16–19 : ഇസ്രായേൽ ദൈവത്തിന്റെ വിശുദ്ധ ജനം

''ഉടമ്പടിയുടെ നിയമസംഹിത'' അവസാനിക്കുന്നത് ഈ നിയമങ്ങൾ അനുസരിക്കാനുള്ള കടമയെ ഒരിക്കൽക്കൂടി അനുസ്മരിപ്പിച്ചുകൊണ്ടാണ്. 26:17–18 ൽ കാണുന്ന ഉടമ്പടിയുടെ വാചകം ഇസ്രായേൽ ജനം ഓരോ ദിവസവും ഓർമിക്കേണ്ടതാണ്. ദൈവവും ഈ ഉടമ്പടിയോട് വിശ്വസ്തത പുലർത്തും എന്നു പ്രസ്താവിക്കുന്നുണ്ട്. സകല ജനങ്ങൾക്കും ഉള്ളതിനേക്കാൾ ഉന്നതമായ നാമവും ബഹുമതിയും അവിടന്ന് തന്റെ ഉടമ്പടിയോടു വിശ്വസ്തത പാലിക്കുന്നവർക്കു നല്കും. കർത്താവാണ് ഞങ്ങളുടെ ദൈവം എന്ന് ഏറ്റുപറയുന്നവരോട് നിങ്ങൾ എന്റെ ജനമാണെന്ന് അവിടന്നും അംഗീകരിച്ചു പറയും.

ഇസ്രായേൽ ജനത്തിന് മോശ വഴി വാഗ്ദാനം ചെയ്ത ഈ മഹത്ത്വവും ബഹുമതിയും യേശുക്രിസ്തുവിലൂടെ അവിടന്ന് എല്ലാ മനുഷ്യർക്കും വാഗ്ദാനം ചെയ്യുന്നു.

### നിയ 27–34

ഉടമ്പടിയുടെ സമാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് നിയമാവർത്തനപുസ്തകത്തിന്റെ ഈ അവസാന ഭാഗത്തു കാണുന്നത്. ആ അർഥത്തിൽ 27–34 അധ്യായങ്ങളെ മോശയുടെ അന്തിമ വചസ്സുകൾ എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. നിയമാവർത്തനഗ്രന്ഥത്തിന്റെ ഈ അവസാന ഭാഗത്തിന് താഴെപ്പറയുന്ന ഘടനയാണുള്ളത്.

| | | |
|---|---|---|
| 27:1–8 | : | സ്മാരകശില സ്ഥാപിക്കാനുള്ള നിർദേശം |
| 27:9–28:68 | : | നിയമങ്ങൾ പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കുന്ന അനുഗ്രഹങ്ങളും, ശാപങ്ങളും |
| 29:30 | : | മോശയുടെ മൂന്നാമത്തെ പ്രഭാഷണം |
| 31:1–34:8 | : | മോശയുടെ അന്തിമ ചെയ്തികൾ |
| 34:9–12 | : | പിൻഗാമിയായ ജോഷ്വായുടെ സ്ഥാനാരോഹണം മോശയുടെ അതുല്യ പ്രഭാവത്തെക്കുറിച്ചുള്ള പ്രകീർത്തനം. |

### നിയ 27:1–10 : ഉടമ്പടിയുടെ സ്മാരകം

27–ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് രണ്ടു ചടങ്ങുകൾ നിർദേശിക്കപ്പെട്ടിരിക്കുന്നു : 1) നിയമം എഴുതിയ കല്ലുകൾ സ്ഥാപിക്കുകയും കാട്ടുകല്ലുകൾ കൊണ്ടുണ്ടാക്കിയ ബലിപീഠത്തിൽ

ബലികൾ അർപ്പിക്കുകയും ചെയ്യുക (27:1-10); 2) ജനം രണ്ടുഗണമായിത്തിരിഞ്ഞ് അനുഗ്രഹങ്ങളും ശാപങ്ങളും ഉച്ചരിക്കുക.

27:1ൽ ഒരു പ്രത്യേകതയുണ്ട്. ഇതുവരെയും മോശ തന്നെയായിരുന്നു സംസാരിച്ചിരുന്നത്. ഇനിയിപ്പോൾ മോശ, ഇസ്രായേലിലെ ശ്രേഷ്ഠന്മാരോടു ചേർന്നാണ് സംസാരിക്കുന്നത്. മോശയുടെ കാലത്തിനുശേഷം ഇസ്രായേൽ സമൂഹത്തിൽ അവർക്കുള്ള സ്ഥാനത്തെക്കുറിച്ചും ജനത്തെ ഉദ്ബോധിപ്പിക്കാനുള്ള അവരുടെ കടമയെക്കുറിച്ചും ഇവിടെ പ്രസ്താവിക്കുകയാണു ചെയ്യുന്നത് (27:14). ശാസനകളെക്കുറിച്ച് അനുസ്മരിപ്പിക്കുന്നതിനും വിജയങ്ങൾ പ്രകീർത്തിക്കുന്നതിനുമായി സ്മാരകശിലകൾ സ്ഥാപിക്കുന്ന പതിവ് പുരാതനലോകത്തുണ്ടായിരുന്നു. എന്നാൽ, മല വാഗ്ദത്ത ഭൂമിയുടെ മധ്യഭാഗത്താണുള്ളത്. അവിടെയാണ് ഷെക്കം നഗരം രൂപംകൊണ്ടത്. കർത്താവിന്റെ പ്രമാണങ്ങൾ സ്മാരകശിലകളിൽ എഴുതണമായിരുന്നു.

27:5-7 വരെ ബലിയർപ്പണത്തെപ്പറ്റിയുള്ള നിർദേശങ്ങളാണ്. ജറുസലെത്തുമാത്രമേ ബലിയർപ്പിക്കാവൂ എന്ന ശാസന പലപ്രാവശ്യം നല്കപ്പെട്ടതാണ്. എന്നാൽ ഇത് ഒരു താത്കാലിക ക്രമീകരണമായിരിക്കാം. അതിനാലായിരിക്കാം, ചെത്തിമിനുക്കാത്ത കല്ലുകൾകൊണ്ട് ബലിപീഠം പണിയണമെന്നു പറഞ്ഞിരിക്കുന്നത് (പുറ. 20:25). ബലിയർപ്പണം സന്തോഷത്തിന്റെ അവസരമായി വീണ്ടും അവതരിപ്പിച്ചിരിക്കയാണ് (27:7).

പന്ത്രണ്ടു ശാപങ്ങളെപ്പറ്റിയാണ് 27:11-16 പ്രസ്താവിക്കുന്നത്. ആറു ഗോത്രങ്ങളുടെ പ്രതിനിധികൾ അനുഗ്രഹങ്ങളുടെ പ്രതീകമായി ഗരിസിം മലയിലും ശാപത്തിന്റെ പ്രതീകമായ ആറു ഗോത്രങ്ങളുടെ പ്രതിനിധികൾ ഏബാൽ മലയിലും നില്ക്കേണ്ടിയിരുന്നു. ലേവ്യ പുരോഹിതന്മാരാണു സംസാരിക്കുന്നത്. അവർ വിളിച്ചുപറയുന്നത് അനുഗ്രഹങ്ങളല്ല, ശാപങ്ങളാണ്. വ്യത്യസ്ത പാരമ്പര്യങ്ങളെ ഒരുമിച്ചു ചേർത്തതിന്റെ ഫലമാണ് 27-ാം അധ്യായം എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. നിയമാവർത്തന പാരമ്പര്യം രൂപപ്പെടുന്നതിനു മുമ്പുതന്നെയുണ്ടായിരുന്ന ഉടമ്പടി നവീകരണഘട്ടങ്ങളുടെ ഓർമ ഇവിടെ കാത്തുസൂക്ഷിച്ചിട്ടുണ്ടാകാം.

ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ് ഒന്നാമത്തെ ശാപത്തിന്റെ വിഷയം (5:6-9). കർത്താവുമായുള്ള ബന്ധം മറ്റെല്ലാ ബന്ധങ്ങൾക്കും അടിസ്ഥാനമാണ്. ''രഹസ്യത്തിൽ'' എന്ന വിശേഷണത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. സാക്ഷികൾ ഇല്ലാത്തതിനാൽ മാനുഷിക കോടതികളിൽ ശിക്ഷിക്കപ്പെടാൻ കഴിയാത്തതാണ് കുറ്റമെങ്കിലും രഹസ്യങ്ങൾ അറിയുകയും ഹൃദയങ്ങൾ കാണുകയും ചെയ്യുന്ന കർത്താവിന്റെ ശിക്ഷ കുറ്റവാളിയുടെ മേൽ പതിക്കുകതന്നെ ചെയ്യും എന്ന് ഈ വിശേഷണത്തിലൂടെ (27:15) അനുസ്മരിപ്പിക്കുന്നു.

നാലാം പ്രമാണത്തിന്റെ ലംഘനമാണ് (നിയ 5:16) രണ്ടാമത്തെ ശാപത്തിന്റെ വിഷയം. മാതാപിതാക്കന്മാരെ ധിക്കരിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന മക്കൾക്ക് കഠിനശിക്ഷ വിധിച്ചിട്ടുണ്ട് (നിയ 21:18-21; പുറ 21:15; ലേവ്യ 20:9; എസെ 22:7). മൂന്നു മുതൽ അഞ്ചുവരെയുള്ള ശാപങ്ങൾ (27:17-19) ദരിദ്രർക്കു സംരക്ഷണം ഉറപ്പുവരുത്തുന്ന സാമൂഹ്യനീതിയെ സംബന്ധിച്ച നിയമങ്ങളിലേക്കു ശ്രദ്ധതിരിക്കുന്നു. അതിർത്തിക്കല്ല് (നിയ 19:14; ജോബ് 24:2; ഹോസി 5:10); കുരുടൻ (ലേവ്യ 19:14); പരദേശി (പുറ 22:21-22; ലേവ്യ 19:33-34; നിയ 10:17-19; 24:16). ലൈംഗിക ധാർമികതയെ സംബന്ധിക്കുന്ന നിയമങ്ങളുടെ ലംഘനം 6-9 ശാപങ്ങളുടെ വിഷയമാണ്. പിതാവിന്റെ ഭാര്യ (ലേവ്യ 18:8; നിയ 22:30; ആമോ 2:7); മൃഗങ്ങളുമായുള്ള വേഴ്ച (പുറ 22:19; ലേവ്യ 18:23; 20:15); സഹോദരി (ലേവ്യ 18:9); അമ്മായിഅമ്മ (ലേവ്യ 20:14). കൊല്ലരുത് എന്ന അഞ്ചാം പ്രമാണത്തിന്റെ ലംഘനമാണ് 10-11 ശാപങ്ങളുടെ വിഷയം. 11-ാം ശാപത്തിൽ കൈക്കൂലിയും കൊലപാതകവും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നു (പുറ 23:8; നിയ 16:19; സുഭാ 17:23). ഏതെങ്കിലും നിയമം ലംഘിക്കുന്നവന്റെമേൽ ഉച്ചരിക്കുന്ന പന്ത്രണ്ടാമത്തെ ശാപം ഈ പട്ടികയുടെ ലക്ഷ്യം വ്യക്തമാക്കുന്നു.

### നിയ 28:1-68 : ദൈവം നല്കിയിരിക്കുന്ന ക്രമം : അനുഗ്രഹവും ശാപവും

ദീർഘമായ ഈ അധ്യായത്തെ പൊതുവിൽ രണ്ടായി വിഭജിക്കാം. 28:1-14: അനുഗ്രഹങ്ങളും; 28:15-68 : ശാപങ്ങളും. ശാപങ്ങൾ അനുഗ്രഹത്തിന്റെ ഏതാണ്ടു മൂന്ന് ഇരട്ടിയുണ്ട്. അതുകൊണ്ട്, നിയമാവർത്തനഗ്രന്ഥം പൊതു പ്രതിലോമപരമായ ഒരു സമീപനമാണു കൈക്കൊള്ളുന്നത് എന്നു

തോന്നാം. എന്നാൽ 28-ാമത്തെ അധ്യായം മോശ നല്കിയ നിയമങ്ങളുടെയെല്ലാം പരിസമാപ്തിയായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. തന്മൂലം ഇതിനുമുമ്പ് പറഞ്ഞ കാര്യങ്ങൾ കൃത്യമായി അനുഭവിക്കേണ്ടതിന്റെ ആവശ്യകത ഒരിക്കൽക്കൂടി ഉറപ്പിച്ചു പറയുകയാണ്. കർത്താവിന്റെ പ്രമാണങ്ങൾ ധിക്കരിക്കുന്നവർക്ക് വരാനിരിക്കുന്ന ദുരിതങ്ങൾ ഒന്നൊന്നായ് എണ്ണിപ്പറഞ്ഞിരിക്കുന്നു. ഗ്രന്ഥകാരനെ സംബന്ധിച്ച് വടക്കേ രാജ്യമായ ഇസ്രായേലിന്റെ നാശം മുന്നിലുണ്ട്. യൂദായും ഏതാണ്ട് അതേ വഴിയിലൂടെയാണു നീങ്ങിക്കൊണ്ടിരിക്കുന്നത്. സ്നേഹമായി പറഞ്ഞിട്ട് അനുസരിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ (അനുഗ്രഹങ്ങൾ) വരാൻപോകുന്ന ഭവിഷ്യത്തുകളെപ്പറ്റി കേൾക്കുമ്പോഴെങ്കിലും (ശാപങ്ങൾ) മനസ്സു തിരിയാനുള്ള സാധ്യത അവശേഷിക്കുന്നുണ്ട്. ഇവയിൽ ഒരു ഭാഗം ബാബിലോണിയൻ പ്രവാസത്തിനുശേഷം കൂട്ടിച്ചേർത്തതാകാം. അങ്ങനെയെങ്കിൽ ദൈവത്തിന്റെ ജനത്തിനു നേരിട്ടിരിക്കുന്ന ഭയാനകമായ അവസ്ഥ കൂടുതൽ വഷളാകാതിരിക്കാൻ അവർ സ്വീകരിക്കേണ്ട മുൻകരുതലായും ഇതിനെ കണക്കാക്കാവുന്നതാണ്.

മധ്യപൗരസ്ത്യദേശങ്ങളിലുള്ള ഉടമ്പടികളിലും ഇതുപോലുള്ള അനുഗ്രഹങ്ങളുടെയും ശാപങ്ങളുടെയും ലിസ്റ്റ് കാണാവുന്നതാണ്. അസ്സീറിയൻ ഉടമ്പടികളിൽ ശാപത്തിന്റെ ബാഹുല്യമാണു പൊതുവേയുള്ളത്. കുറെയെല്ലാം ഈ ഉടമ്പടികളുടെ മാതൃക ഗ്രന്ഥകാരനെ സ്വാധീനിച്ചിട്ടുണ്ടാകണം. ലേവ്യർ 26-ാം അധ്യായത്തിലും നിയ 11:8-28 ലും ഇതിന്റെ സൂചനകളുണ്ട്.

സൂക്ഷ്മമായി പരിശോധിക്കുമ്പോൾ 28:1-46 വരെയുള്ള ഭാഗം സ്വതന്ത്രമായ ഒരു യൂണിറ്റാണെന്നു കാണാൻ കഴിയും. 28:47-57 പിന്നീടു ചേർത്തതാണ്. കാരണം, അതിന്റെ ഭാഷയും ഉള്ളടക്കവും കൂടുതൽ കാർക്കശ്യമുള്ളതാണ്. സംഭവിച്ചുകഴിഞ്ഞ ഏതോ ഒരു ദുരവസ്ഥയുടെ കാരണം വിശദീകരിക്കുന്ന പ്രതീതിയാണ് ഈ ഭാഗത്തിനുള്ളത്. പ്രവാസകാലം കഴിഞ്ഞുള്ള ഇസ്രായേലിന്റെ ആത്മശോധനയും വിമർശനവുമാണ് ഈ ഭാഗം. അതുപോലെതന്നെയാണ് 28:58-68ന്റെ കാര്യവും. ദൈവത്തിന്റെ ശാപത്തിനു വിധേയമായ ഒരു ജീവിതത്തിന്റെ കാഠിന്യം ഈ ഭാഗം വിശദീകരിക്കുന്നു. ഈജിപ്തിൽ അഭയം തേടേണ്ടിവന്ന പ്രവാസവാസകാലാനുഭവം ഇവിടെ നിഴലിക്കുന്നുണ്ട്.

അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുന്ന ആദ്യഭാഗത്ത് (28:1-14), ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടിസ്ഥാനം കല്പനകളുടെ അനുസരണമാണെന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നു (28:1-13). കുടുംബജീവിതം; കൃഷി (28:4); യുദ്ധത്തിലുള്ള വിജയം (28:7) ഇതെല്ലാം അനുസരണത്തിന്റെ ഫലമാണ്. ഇതിനൊരു മറുവശമുണ്ട്. ഈ രംഗങ്ങളിലുള്ള പരാജയം അനുസരണക്കേടുമൂലം വന്നുകൂടുന്നതാണ്. പൊതുവായ അനുഗ്രഹത്തെക്കുറിച്ചു പറഞ്ഞതിനുശേഷം ആറു രംഗങ്ങളിലുള്ള അനുഗ്രഹത്തെ ചൂണ്ടിക്കാണിക്കുക നിമിത്തം ഏഴ് എന്ന സംഖ്യയെ നിലനിർത്തിയിരിക്കുന്നു. ഏഴ് പൂർണതയുടെ അക്കമാണല്ലോ. അതായത്, കല്പനകൾ അനുസരിക്കുന്നവർക്ക് പൂർണമായ അനുഗ്രഹം ലഭിക്കുന്നു. താഴെപ്പറയുന്നവയാണ് ആറ് അനുഗ്രഹങ്ങൾ.

''നഗരത്തിൽ നീ അനുഗൃഹീതൻ
വയലിൽ നീ അനുഗൃഹീതൻ
നിന്റെ സന്തതികളും അനുഗൃഹീതർ
നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന കലവും അനുഗൃഹീതം
അകത്തുവരുമ്പോൾ നീ അനുഗൃഹീതൻ
പുറത്തുപോകുമ്പോഴും നീ അനുഗൃഹീതൻ'' (28:3-6).

ഗാനരൂപത്തിൽ അവതരിപ്പിച്ച അനുഗ്രഹങ്ങൾ വീണ്ടും കൂടുതൽ വിശദമായി 7-13 വാക്യങ്ങളിൽ തുടർന്നു വിവരിക്കുന്നു.

നേരത്തെ കണ്ടതുപോലെ ശാപങ്ങളെപ്പറ്റിയുള്ള പ്രതിപാദ്യം വളരെ ദൈർഘ്യമുള്ളതാണ് (28:15-68). അനുസരണക്കേട് ശാപം വിളിച്ചുവരുത്തും (25:15) എന്ന ആമുഖത്തോടെ ആരംഭിക്കുന്ന ഈ ഭാഗം വരൾച്ച, ക്ഷാമം, പട്ടിണി, ശത്രുക്കളുടെ അക്രമണം, യുദ്ധങ്ങളിൽ പരാജയം, മരണം തുടങ്ങിയ ശിക്ഷകളെ ഒന്നൊന്നായി അവതരിപ്പിക്കുന്നു. 28:3-6ലെ ആറ് അനുഗ്രഹങ്ങൾക്കു സമാന്തരമായി 28:16-19ൽ ആറു ശാപങ്ങൾ നല്കിയിരിക്കുന്നു. ഈ അധ്യായത്തിൽ ഉടനീളം കേൾക്കുന്ന ഒരു വാചകമുണ്ട്. ''നീ നശിക്കുന്നതുവരെ കർത്താവിന്റെ കോപം നിന്നെ വേട്ടയാടും'' (28:20,22,24,45,48,51,61,63)

മനുഷ്യരെയും മൃഗങ്ങളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളും കൊടിയ വരൾച്ചയുമാണ് 28:20–24 വാക്യങ്ങളിൽ കൊടുത്തിരിക്കുന്നത്. 28:25–35 ൽ ശത്രുക്കളുടെ ആക്രമണവും തീരാവ്യാധികളും മൂലമുണ്ടാകുന്ന കെടുതികൾ വർണിക്കുന്നു. 28:36–37 ൽ പ്രവാസവും 38:42 ൽ കൃഷിനാശവും വർണിച്ചിരിക്കുന്നു. 28:42–43ൽ സാമൂഹ്യക്രമം ആകപ്പാടെ മാറുകയാണ്. 28:45–46 ആദ്യത്തെ യൂണിറ്റിന്റെ അവസാനമാണ്. ഇവയെല്ലാം നിനക്കും നിന്റെ സന്തതികൾക്കും എന്നേക്കും അടയാളവും അത്ഭുതവുമായിരിക്കും.

28:47–57ൽ ശത്രുക്കളുടെ ഉപരോധം മൂലം വന്നുഭവിക്കുന്ന സീമാതീതമായ ദുരിതങ്ങൾ വിവരിച്ചിരിക്കുന്നു. മിക്കവാറും ജറുസലെം ആക്രമിക്കപ്പെട്ട ഓർമയായിരിക്കാം ഇതിനു പിറകിലുള്ളത്. ശാപങ്ങളുടെ ഒരു പുതിയ പരമ്പര ഇവിടെ ആരംഭിക്കുകയാണ്. സ്വന്തം മക്കളുടെ മാംസം ഭക്ഷിക്കാൻ മാത്രം ക്രൂരവും ദയനീയവുമായിരിക്കും ഉപരോധത്തിന്റെ ഫലം. വിലാപങ്ങളുടെ പുസ്തകത്തിലെ ചില ഭാഗങ്ങളുടെ പ്രതിഫലനം ഇവിടെക്കാണാം (വിലാ 2:20; 4:10).

28:58–68 ശാപങ്ങളുടെ ഉപസംഹാരമാണ്. 28:62ൽ ഇത് കർത്താവിന്റെ വചനമാണെന്ന് അനുസ്മരിപ്പിച്ചിരിക്കുന്നു. കപ്പൽമാർഗം ഈജിപ്തിലേക്കു കൊണ്ടുപോകുന്നത് (28:68) അടിമകളായി വിൽക്കാൻ വേണ്ടിയാണ്. ഈജിപ്തിലേക്കു തിരിച്ചയയ്ക്കുന്നത് ഇസ്രായേലിനു കർത്താവുമായുള്ള ബന്ധത്തിന്റെ ചരിത്രം മുഴുവൻ റദ്ദാക്കുന്നതിന്റെ പ്രതീകമാണ് (ഹോസി 8:13; 9:3; 11:15). വിമോചനത്തിനു മുമ്പുണ്ടായിരുന്ന അടിമത്തത്തേക്കാൾ ക്രൂരവും ഭീകരവുമായിരിക്കും ശിക്ഷിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന അവസ്ഥ. യാതൊരു പ്രതീക്ഷയും നല്കാതെയാണ് ശാപങ്ങൾ അവസാനിക്കുന്നത്. ''അവിടെ നിങ്ങൾ ദാസന്മാരും ദാസികളുമായി നിങ്ങളുടെ ശത്രുക്കൾക്ക് അടിമവേല ചെയ്യാൻ നിങ്ങളെത്തന്നെ വില്ക്കാൻ ആഗ്രഹിക്കും. എന്നാൽ ആരും നിങ്ങളെ വാങ്ങുകയില്ല.'' ദൈവവും മനുഷ്യരും കൈവിട്ട ഒരവസ്ഥ. അതാണ് ശാപത്തിന്റെ പാരമ്യം. ഉടമ്പടിയുടെ ബന്ധം ജീവന്മരണ പ്രാധാന്യമുള്ളതാണെന്നു വ്യക്തമാക്കിക്കൊണ്ട് മോശയുടെ ഈ പ്രഭാഷണം അവസാനിക്കുന്നു.

## മോശയുടെ മൂന്നാം പ്രസംഗം (നിയ 29:1–30:20)

മൊവാബു താഴ്വരയിൽ വച്ച് മോശ നടത്തിയ മൂന്നാമത്തെ പ്രസംഗമായിട്ടാണ് ഇതിനെ പണ്ഡിതന്മാർ കണക്കാക്കുന്നത്. പ്രസംഗചാതുരിയോടെ മനുഷ്യന്റെ വികാരങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടു നടത്തിയിരിക്കുന്ന ഈ പ്രഭാഷണം മനസ്സിനെ ഇളക്കി ഒരുവനെ മാനസാന്തരത്തിലേക്കു നയിക്കത്തക്കരീതിയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ബാബിലോണിയൻ അടിമത്തത്തിനു വിധേയരായി നാടും ദേവാലയവും നേതൃത്വവും എല്ലാം നഷ്ടപ്പെട്ട ഒരു ജനത്തെയാണ് ഗ്രന്ഥകാരൻ മനസ്സിൽ കാണുന്നത്. പല സ്ഥലങ്ങളിലായി പരദേശികളായി ചിതറിക്കപ്പെട്ടു പാർക്കുന്നവരാണ് ഈ ജനം. ''കർത്താവ് അത്യധികമായ ക്രോധത്തോടെ അവരെ അവരുടെ നാട്ടിൽനിന്ന് കടപുഴക്കി മറ്റൊരു നാട്ടിലേക്കു വലിച്ചെറിഞ്ഞു. ഇന്നും അവർ അവിടെയാണ്'' (29:28). ഈ പ്രസ്താവന മേല്പ്പറഞ്ഞ തരത്തിലുള്ള ഒരു ചരിത്രാവസ്ഥയാണു മുന്നിൽ കാണുന്നത്. പൂർവപിതാക്കന്മാരോടു വാഗ്ദാനം ചെയ്തിരുന്നതും തങ്ങൾക്കു ലഭിച്ചതുമായ നാട് അവർക്കു നഷ്ടപ്പെട്ടു. വാഗ്ദത്തഭൂമിയാണ് അവർക്കു നിലനില്പു നല്കിയിരുന്നത്. ഇതേ അവസ്ഥയാണ് 28:58–68ലും വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാം നഷ്ടപ്പെട്ട് പ്രതീക്ഷ നശിച്ചു കഴിയുന്ന ജനങ്ങൾക്ക് പ്രതീക്ഷ നല്കുന്ന വിധത്തിലാണ് പ്രസംഗം ക്രമീകരിച്ചിരിക്കുന്നത്. ധൈര്യവും വിശ്വാസവും പ്രതീക്ഷയും വീണ്ടെടുക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഈ പ്രസംഗം ഉൾക്കൊള്ളുന്നത്.

വിശ്വസിക്കാനുള്ള ആഹ്വാനത്തിന് അടിസ്ഥാനമായി കഴിഞ്ഞകാല അനുഭവങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഒരു പുതിയ ആരംഭത്തിന് ഇനിയും സാധ്യതയുണ്ട്. ജറെമിയായുടെ ഗ്രന്ഥത്തിലെ ആശയങ്ങളുമായി വളരെയധികം സാദൃശ്യം ഇവിടെ കാണാവുന്നതാണ് (ജറെ 24:1–24; 25:1–10; 30:18–22; 31:1–34). പ്രസംഗത്തിന്റെ മുഖ്യ ആശയം മാനസാന്തരപ്പെട്ട് തിരിച്ചുവരാനുള്ള

സാധ്യത ഇനിയും അവശേഷിക്കുന്നു എന്നതാണ്. അവരുടെ മുമ്പിൽ ഇനിയും തിരിച്ചുവരവിന്റെ ഒരു വഴി തെളിഞ്ഞു കിടപ്പുണ്ട്. ഉറച്ച തീരുമാനമെടുക്കാൻ ജനത്തെ ഇവിടെ ക്ഷണിക്കുകയാണ്.

മധ്യപൗരസ്ത്യദേശങ്ങളിൽ നിലനിന്നിരുന്ന ഉടമ്പടിയുടെ മാതൃക ഈ പ്രസംഗത്തിലും കാണാം. സാധാരണയായി രണ്ടു വ്യക്തികൾ തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ ചരിത്രപരമായ ഒരാമുഖം; ഉടമ്പടിയിൽ പങ്കുചേരാനുള്ള ആഹ്വാനം; അതിലെ വ്യവസ്ഥകളും, അതു ലംഘിച്ചാലുള്ള ശിക്ഷയും പരാമർശിക്കപ്പെട്ടിരിക്കും. ഇവിടെയും അതേ ഘടനതന്നെ കാണാവുന്നതാണ്.

29:1 : ആമുഖം

29:2–9 : ചരിത്രപരമായ ഉപക്രമം

29:10–15 : കർത്താവിനോടു വിശ്വസ്തത പുലർത്താനുള്ള ആഹ്വാനം

29:16–29 : അനുസരണക്കേടിനുള്ള ശിക്ഷ

30:1–10 : പുനരുദ്ധാരണത്തെക്കുറിച്ചുള്ള വാഗ്ദാനം, അനുതാപത്തിനുള്ള ആഹ്വാനം

30:11–20 : ജീവനോ മരണമോ തെരഞ്ഞെടുക്കാനുള്ള വെല്ലുവിളി

29:1–9 : ചരിത്രസംഗ്രഹം എന്ന് ഈ യൂണിറ്റിനെ വിളിക്കാം. 29:1 ൽ പറഞ്ഞിരിക്കുന്നത് ഹോരെബിൽ വച്ചു നടത്തിയതുപോലുള്ള രണ്ടാമതൊരു ഉടമ്പടിയാണോ എന്നതിനെപ്പറ്റി പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. സീനായ് ഉടമ്പടിയുടെ നവീകരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ അഭിപ്രായത്തിനാണ് ഇന്നു കൂടുതൽ സ്വീകാര്യതയുള്ളത്. പ്രവാസകാലത്ത് എഴുതിയ നിയമാവർത്തനാത്മക ഗ്രന്ഥകാരന്മാർ (Deuteronomistive School) രൂപം കൊടുത്തതാണ് ഈ പ്രഭാഷണം. സീനായ് ഉടമ്പടി ലംഘിച്ച ജനം അതിന്റെ ശിക്ഷ ഏറ്റുകഴിഞ്ഞു. ദേവാലയം അഗ്നിക്കിരയായി. രാജ്യവും രാജാവും നഷ്ടപ്പെട്ട വാഗ്ദത്തഭൂമിയിൽ നിന്നു ജനം പുറത്തായി. എന്നാലും കർത്താവ് തന്റെ ഉടമ്പടി മറക്കുകയില്ലെന്നും തിരിച്ചുവരുന്നവരെ വീണ്ടും സ്വന്തം ജനമായി സ്വീകരിക്കുമെന്നും പുതിയ ഉടമ്പടിയെക്കുറിച്ചുള്ള സൂചന ഉറപ്പുനല്കുന്നു.

ചരിത്രസംഗ്രഹത്തിൽ ഈജിപ്തിലെ അത്ഭുതങ്ങൾ (29:2–3); മരുഭൂമിയിലെ അനുഭവങ്ങൾ (29:5–6); ജോർദാൻ നദിക്കു കിഴക്കു നേടിയ വിജയങ്ങൾ (29:7–8) ഇവ വിശദീകരിച്ചിരിക്കുന്നു. എന്നാൽ, ഇതിന്റെയൊന്നും അർഥം മനസ്സിലാക്കാൻ ജനത്തിനു കഴിഞ്ഞില്ല. എല്ലാം നഷ്ടപ്പെട്ടവരാണെങ്കിലും ജനം ഇന്നും ആദ്യത്തെ ഉടമ്പടിയിലെ പങ്കുകാരാണ് (29:10–15). ലാഘവബുദ്ധിയോടെ കർത്താവിന്റെ വാക്കുകളെ കണക്കാക്കുന്നവർ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് 29:19. ''കുതിർന്നതും വരണ്ടതും ഒന്നുപോലെ എന്ന ഭാവത്തിൽ ഞാൻ എന്റെ ഇഷ്ടത്തിനു നടന്നാലും സുരക്ഷിതനായിരിക്കും'' എന്നു പറയുന്നവരാണവർ. ആ മനോഭാവത്തിനെതിരെയുള്ള താക്കീതാണ് 29:16–28ൽ. 28–ാം അധ്യായത്തിൽപ്പറഞ്ഞിരിക്കുന്ന ശാപങ്ങൾ ഇവിടെ ഹ്രസ്വമായി വിവരിച്ചിരിക്കുകയാണ്.

29:29 ഒറ്റപ്പെട്ടു നില്ക്കുന്ന ഒരു വാക്യമാണ്. ഭാവിയെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെയാണ് ''രഹസ്യങ്ങൾ'' എന്നു പറയുന്നത്. ഭാവി ദൈവത്തിന്റെ കരങ്ങളിലാണ്. അത് അന്വേഷിച്ചു കണ്ടെത്താൻ മനുഷ്യർ ശ്രമിക്കേണ്ടതില്ല. വെളിപ്പെടുത്തപ്പെട്ട കർത്താവിന്റെ ഹിതമനുസരിച്ചു ജീവിച്ചാൽ മതി.

30:1–10ൽ പശ്ചാത്താപത്തെയും പുനരുദ്ധാരണത്തെയും പറ്റി പറഞ്ഞിരിക്കുന്നു. പ്രവാസികളുടെ തിരിച്ചുവരവും പുനരുദ്ധാരണവുമാണ് ഈ വാക്യങ്ങളിലെ മുഖ്യപ്രമേയം. നിരുപാധികമായി ക്ഷമിക്കുകയല്ല, മാനസാന്തരത്തിനുള്ള കഴിവുനല്കി അവരെ ശുദ്ധീകരിച്ച് തിരിച്ചുകൊണ്ടുവരികയാണ് കർത്താവു ചെയ്യുന്നത്. എന്നേക്കുമായി നശിപ്പിക്കാൻ വേണ്ടിയല്ല, മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കാൻ വേണ്ടിയാണ് ശിക്ഷകൾ എന്ന സത്യം ഇവിടെ വ്യക്തമാകുന്നു. മാനസാന്തരത്തിന്റെ മൂന്നു ഘടകങ്ങൾ 30:1–2ൽ കാണാം. 1) ഓർമിക്കുക. ഹൃദയത്തിൽ സ്വീകരിക്കുക എന്നാണ് ഹീബ്രു, മൂലം. ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള കാര്യങ്ങളെ ഓർത്ത് അവയിൽ നിന്നു പാഠം ഗ്രഹിക്കാൻ കഴിയണം. ദൈവത്തിന്റെ സ്നേഹം അനുഭവിച്ച നാളുകൾ; ഇപ്പോഴത്തെ അവസ്ഥ – ഇവയെല്ലാം അനുസ്മരണത്തിന്റെ വിഷയങ്ങളാകണം. 2) കർത്താവിങ്കലേക്കു തിരിയു

ക. തങ്ങളെ സ്നേഹിക്കുകയും തെരഞ്ഞെടുപ്പുവഴി പ്രത്യേകമായ അനുഗ്രഹങ്ങൾ നല്കുകയും ചെയ്ത കർത്താവുതന്നെയാണ് സങ്കടങ്ങൾക്കു തങ്ങളെ വിട്ടിരിക്കുന്നത് എന്നു മനസ്സിലാക്കിക്കൊണ്ട് ആ കർത്താവിങ്കലേക്കു തിരിച്ചുവരുക 3) അനുസരണം. കർത്താവിങ്കലേക്കുള്ള തിരിച്ചുവരവ് അവിടത്തെ പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടുവേണം നടത്താൻ. 30:8-10 വാക്യങ്ങളിൽ ഈ ആശയം കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ, സ്വന്തം കഴിവുകൊണ്ട് ഇസ്രായേലിന് അത് സാധ്യമല്ല. അതിനാൽ കർത്താവു തന്നെ അവർക്ക് ഒരു പുതിയ ഹൃദയം നല്കും എന്ന് 30:6 പഠിപ്പിക്കുന്നു. കർത്താവു സാധ്യമാക്കുന്ന ഈ ഹൃദയപരിവർത്തനത്തെക്കുറിച്ച് ജറെമിയായും (31:33-34; 32:39-40) എസെക്കിയേലും (11:19; 36:26-27) പ്രതിപാദിക്കുന്നുണ്ട്. അനുതാപാർദ്രവും സ്നേഹനിർഭരവുമായ ഹൃദയത്തോടെ കർത്താവിന്റെ വാക്കുകൾ പൂർണമായി അനുസരിക്കുമ്പോൾ മാത്രമേ ഈ പുനരുദ്ധാരണം സാധ്യമാകൂ എന്ന് 30:10 വീണ്ടും അനുസ്മരിപ്പിക്കുന്നു.

തീരുമാനമെടുക്കാനുള്ള ആഹ്വാനത്തോടെയാണ് (30:11-20) ഈ അധ്യായം അവസാനിക്കുന്നത്. ഉടമ്പടിയുടെ നിയമങ്ങൾ തങ്ങൾക്ക് അജ്ഞാതമാണെന്നും അനുസരിക്കാൻ കഴിയാത്ത വിധം കഠിനമാണെന്നുമുള്ള തടസ്സങ്ങൾ ചിലർ ഉന്നയിച്ചിരുന്നു (30:11-14). അതിനുള്ള മറുപടി നല്കിയതിനുശേഷമാണ് തീക്ഷ്ണമായ അന്തിമാഹ്വാനം നല്കുന്നത് (30:15-20). ''ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു.'' ഏതു തിരഞ്ഞെടുക്കണം എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കർത്താവു മനുഷ്യനു നല്കുകയാണ്. തീരുമാനമെടുക്കാൻ നിർബന്ധിക്കുന്ന ഈ മുഹൂർത്തത്തിലേക്കാണ് നിയമാവർത്തന പുസ്തകത്തിലെ മുഴുവൻ വിവരണവും നയിക്കുന്നത്. രണ്ടു സാധ്യതകളേ ഉള്ളൂ : ഒന്നുകിൽ ജീവൻ; അല്ലെങ്കിൽ മരണം. കർത്താവിനെ അനുസരിക്കുന്നെങ്കിൽ ജീവിക്കും; അവിടത്തെ ധിക്കരിച്ച് അന്യദൈവങ്ങളെ അനുഗമിച്ചാൽ മരിക്കും.

ദൈവത്തിന്റെ സംരക്ഷണത്തിലുള്ള ജീവിതമാണ് ''ജീവൻ'' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അവിടത്തെ സംരക്ഷണത്തിൽ നിന്നും സാന്നിധ്യത്തിൽ നിന്നും അകന്നുള്ള ജീവിതമാണ് ''മരണം''. നിയമാവർത്തനഗ്രന്ഥത്തിന്റെ വീക്ഷണത്തിൽ വാഗ്ദത്തഭൂമിയിലുള്ള വാസമാണ് ജീവൻ. അതിൽ നിന്നു ബഹിഷ്കരിക്കപ്പെടുന്നത് മരണവും. ശാരീരികമായ ജീവനും മരണവും എന്നതിനേക്കാൾ ദൈവസ്നേഹത്തിന്റെ അനുഭവവും അതിന്റെ അഭാവവുമാണ് ഇവിടെ വിവക്ഷിക്കുന്നത്.

തന്റെ സർവശക്തിയോടും കൂടിയാണ് മോശ ജനത്തെ മാനസാന്തരത്തിനായി ആഹ്വാനം ചെയ്യുന്നത് (30:19). നിയമങ്ങളുടെയെല്ലാം സാരസംഗ്രഹമായി മൂന്നു വാക്കുകൾ ഇവിടെ എടുത്തുപറയുന്നു : കർത്താവിനെ സ്നേഹിക്കുക; അവിടത്തെ വാക്കു കേൾക്കുക; അവിടത്തോടു ചേർന്നു നില്ക്കുക. അടിസ്ഥാനപരമായ ഈ മനോഭാവം മറ്റെല്ലാ പ്രവൃത്തികളുടെയും ഉറവിടമായിരിക്കണം. യഥാർഥമായ മതാത്മകതയുടെ കാതലാണ് ഈ മനോഭാവം.

# മോശയുടെ വിടവാങ്ങലും മരണവും (നിയ 31:1-34:12)

### നിയ 31:1-29 : മോശയുടെ നിയമമനുസരിച്ചു ജീവിക്കാനുള്ള ഒരുക്കം

മോശയുടെ അന്തിമ ചെയ്തികൾ എന്നു വിശേഷിപ്പിക്കാവുന്ന കാര്യങ്ങളാണ് 31 മുതൽ 34 വരെയുള്ള അധ്യായങ്ങളിലുള്ളത്. മോശയുടെ പിൻഗാമി ജോഷ്വായെ നിയമിക്കുന്നതും (31:3,7-8, 14,23; 32:44; 34:9) മോശയുടെ മരണവും (31:1-2,14, 16,27,29; 32:50; 33:1; 34:1-8) സംബന്ധിച്ച വിവരണങ്ങൾ ഈ ഭാഗത്തു നിറഞ്ഞുനില്ക്കുന്നു. ഇതിന്റെ കൂടെ ജനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായിരിക്കേണ്ടതിന് നിയമങ്ങൾ എഴുതി സൂക്ഷിക്കാനും ഏഴു വർഷത്തിൽ ഒരിക്കൽ പരസ്യമായി വായിക്കാനുമുള്ള നിർദേശങ്ങളും (31:9-13, 24-30); ജനത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന കീർത്തനവും (32); മോശ അവസാനമായി ഗോത്രങ്ങൾക്കു നല്കുന്ന ആശീർവ്വാദവും (33); പരിപൂർണ വിശ്വസ്തതയോടുകൂടെ നിയമങ്ങൾ പാലിക്കാനുള്ള മോശയുടെ അന്തിമാഹ്വാനവും (32:45-52) ഈ ഭാഗത്തു കാണാം. ഇക്കാര്യങ്ങളെല്ലാം അവതരിപ്പിച്ചിരിക്കുന്നതു രണ്ടു പ്രമേയങ്ങളുടെ പശ്ചാത്തലത്തിലാണ്. ഒന്ന്, ഇസ്രായേൽ ചരിത്രത്തിലെ അതുല്യനായ

നേതാവാണ് മോശ. രണ്ട്, മോശയുടെ മരണം കർത്താവിനോടൊന്നിച്ചുള്ള ജനത്തിന്റെ യാത്രയ്ക്കു തടസ്സമാകരുത്. അതിനാൽ എഴുതപ്പെട്ട നിയമവും നേതൃത്വസംവിധാനവും വിശ്വസ്തമായ പിന്തുടർച്ച ഉറപ്പുവരുത്തുന്ന ഘടകങ്ങളാണ്.

31–ാം അധ്യായത്തിൽ 7 ചെറുപ്രഭാഷണങ്ങളാണുള്ളത്. ആദ്യത്തെ മൂന്നു പ്രഭാഷണങ്ങളും മോശയുടേതാണ്. മോശ ജനത്തോടും (31:1–6) ജോഷ്വായോടും (31:7–8) ലേവ്യർ, ശ്രേഷ്ഠന്മാർ എന്നിവരോടും (31:9–13) സംസാരിക്കുന്നു. തുടർന്ന് കർത്താവ് രണ്ടു തവണ മോശയോടും (31:14,16–21) ഒരു തവണ ജോഷ്വായോടും (31:23) സംസാരിക്കുന്നുണ്ട്. മോശ ലേവ്യരോടു ചെയ്ത പ്രസംഗമാണ് ഏഴാമത്തേത് (31:25–29). കൂടാരത്തിനകത്ത് മേഘത്തിൽ കർത്താവു പ്രത്യക്ഷപ്പെടുന്നതാണ് വിവരണത്തിന്റെ കേന്ദ്രം (31:15).

പിൻഗാമിയായി ജോഷ്വാ നിയമിക്കപ്പെടുന്നു (31:1–8). ഒരു വിടവാങ്ങൽ പ്രസംഗത്തിന്റെ എല്ലാ തീവ്രതയും ഇവിടെ കാണാം. പ്രായാധിക്യം, അതിനാൽ അനുഭവപ്പെടുന്ന കഴിവുകേടുകൾ; പിന്നെ ജോർദാൻ കടക്കുകയില്ല എന്നു കർത്താവ് അറിയിച്ചിട്ടുള്ള കാര്യം – ഇവയെല്ലാം ഒരു പിൻഗാമിയെ നിയമിക്കാൻ പോരുന്ന കാര്യങ്ങളാണ്. എന്നാൽ, ജനം ഭയപ്പെടേണ്ടതില്ല. കർത്താവു തന്നെ അവരുടെ കൂടെ യാത്ര ചെയ്യുന്നുണ്ട്. പഴയകാലത്തെ സംഭവങ്ങൾ ഓർമിച്ച് ശക്തി സംഭരിക്കാൻ മോശ ആവശ്യപ്പെടുന്നുണ്ട്. ''ശക്തരും ധീരരുമായിരിക്കുക'' – മോശ ജനത്തിനു നല്കുന്ന ഉപദേശമാണിത്. ധൈര്യപ്പെടുത്തലിന്റെ വാക്കുകൾ മോശ ജോഷ്വായോടും പറയുന്നുണ്ട്. ''കർത്താവാണ് നിന്റെ മുമ്പിൽ പോകുന്നത്; അവിടന്ന് നിന്നോടു കൂടെ ഉണ്ടായിരിക്കും.'' ജനത്തോടു പറഞ്ഞതുപോലെ മോശ ജോഷ്വായോടും പറയുന്ന വാക്കുകളാണിവ.

**നിയമപാരായണം (31:9–13)**

കർത്താവിന്റെ കല്പനകൾ മോശതന്നെ എഴുതി എന്ന് രണ്ടു പ്രാവശ്യം പറയുന്നുണ്ട് (31:9,24). ഒന്നും കൂട്ടിച്ചേർക്കപ്പെടാതിരിക്കാം. ഒന്നും ഉപേക്ഷിക്കാതിരിക്കുവാനാണ് നിയമം എഴുതി സൂക്ഷിക്കുന്നത്. തന്നെയുമല്ല ജനത്തിനു വഴികാട്ടിയായി നിയമം നിലനില്ക്കണം. മോശയെ ജനത്തിന്റെ നേതാവായി തിരഞ്ഞെടുത്തെങ്കിലും നിയമഗ്രന്ഥം ഏല്പിക്കുന്നത് ലേവിയുടെ മക്കളായ പുരോഹിതരെയും ശ്രേഷ്ഠന്മാരെയുമാണ്. മതാധികാരികളെയും സിവിൽ അധികാരികളെയും മോശ നിയമം ഭരമേല്പിക്കുന്നു. ജനത്തെ നിയമം വായിച്ചു കേൾപ്പിക്കേണ്ട ഉത്തരവാദിത്വവും അവരുടേതാണ്. സാബത്തുവർഷത്തിലെ കൂടാരത്തിരുനാളിന്റെ അവസരത്തിലാണ് അതു ചെയ്യേണ്ടത്. പുരുഷന്മാരും സ്ത്രീകളും കുട്ടികളും പരദേശികളും അതു കേൾക്കണമെന്ന് ദൈവം കല്പിക്കുന്നു. കർത്താവു തങ്ങൾക്കുവേണ്ടി ചെയ്ത കാര്യങ്ങൾ എല്ലാ പ്രായത്തിലും തരത്തിലും ഉള്ള ആളുകൾ അറിഞ്ഞിരിക്കണം.

മോശയ്ക്കും ജോഷ്വായ്ക്കുമുള്ള നിർദേശങ്ങളാണ് 31:14–23 ലുള്ളത്. ദൈവത്തിന്റെ കല്പന പ്രകാരം മോശ ജോഷ്വായെ സമാഗമകൂടാരത്തിന്റെ മുമ്പിൽ കൊണ്ടുവന്നു നിർത്തി. അവിടെ അഗ്നിസ്തൂപത്തിൽ നിന്നുകൊണ്ട് ദൈവം മോശയോടു സംസാരിച്ചു. മോശയുടെ മരണത്തെക്കുറിച്ചും, ജനത്തിന്റെ അവിശ്വസ്തതയെക്കുറിച്ചും കർത്താവ് മോശയോടു പറഞ്ഞു. ജോഷ്വായെ ഔദ്യോഗികമായി നേതൃത്വം ഏല്പിക്കുന്നതിനുമുമ്പ് ദൈവം മോശയോട് ഭാവിയിൽ അവർ ചെയ്യാൻ പോകുന്ന കാര്യത്തെക്കുറിച്ച് – കർത്താവിനെ മറന്ന് അന്യദേവന്മാരെ ആരാധിച്ച് അവിടത്തെ കോപത്തിനു പാത്രീഭൂതരാകുമെന്നതിനെക്കുറിച്ച് – ഒരു ഗാനം എഴുതി ജനത്തെ പഠിപ്പിക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഇതും ജനത്തിനുള്ള ഒരു മുന്നറിയിപ്പാണ്. അതിനുശേഷമാണ് ജോഷ്വായെ അധികാരം ഏല്പിക്കുന്നത്. ''ഞാൻ നിന്നോടുകൂടിയുണ്ട്'' (31:23) എന്ന ഉറപ്പ് നല്കിക്കൊണ്ടാണ് അദ്ദേഹത്തെ അധികാരിയായി നിയമിക്കുന്നത്.

അതിനുശേഷമാണ് നിയമഗ്രന്ഥം ലേവ്യരുടെ മക്കളായ പുരോഹിതരെ ഭരമേല്പിക്കുന്നത് (31:24–29). പേടകത്തിന്റെ സമീപത്താണ് ഗ്രന്ഥം വയ്ക്കേണ്ടിയിരുന്നത്. പേടകത്തിനകത്ത് പത്തു പ്രമാണങ്ങൾ എഴുതിയ കല്പലകകളാണുണ്ടായിരുന്നത്. അത് കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ചു ജനങ്ങളെ അനുസ്മരിപ്പിച്ചിരുന്നു; നിയമഗ്രന്ഥമാകട്ടെ കർത്താവിന്റെ നിയമങ്ങളെപ്പറ്റിയും.

മോശയുടെ കീർത്തനത്തിന്റെ മുഖവുരയാണ് 31:27–30. മോശയുടെ മരണത്തിനു ശേഷം ജനം കർത്താവിനെ വിസ്മരിക്കും എന്ന കാര്യം വീണ്ടും ആവർത്തിച്ചിരിക്കുന്നു.

**നിയ 31:30–32:44 : മോശയുടെ കീർത്തനം**

ഒരു ഗാനം എഴുതിയെടുത്ത് ജനത്തെ പഠിപ്പിക്കാൻ കർത്താവ് 31:19–21 ൽ ആവശ്യപ്പെട്ടു. എന്നാൽ അതിന്റെ ഉള്ളടക്കം എന്താണെന്ന് അവിടെ നിന്നു വ്യക്തമല്ല. 32–ാം അധ്യായത്തിലെ ഗാനം പ്രവാസകാലത്തിനുശേഷം രചിക്കപ്പെട്ടതാണെന്ന് ഹീബ്രു ശൈലി പരിശോധിച്ചാൽ മനസ്സിലാക്കാം. മോശയെ ഗാനരചയിതാവ് എന്നതിനേക്കാൾ ഗാനത്തിന്റെ പ്രേരണയും പ്രചോദനവുമായിട്ടാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളും കാണുന്നത്. മോശയിലൂടെ നല്കപ്പെട്ട ദൈവിക വെളിപാടിന്റെ വ്യാഖ്യാനവും ചരിത്രവസ്തുതകളുടെ വെളിച്ചത്തിലുള്ള പുനരാഖ്യാനവുമാകയാൽ, ആത്യന്തികമായി മോശ തന്നെയാണ് ഇതിന്റെ രചയിതാവ് എന്നു പറയാം. കീർത്തനത്തിന് താഴെ പറയുന്ന ഘടനയാണുള്ളത്.

- 32:1–3 : കർത്താവിനെ പ്രകീർത്തിക്കാനുള്ള ആഹ്വാനം
- 32:4–7 : കർത്താവിന്റെ വിശ്വസ്തതയും ജനത്തിന്റെ അവിശ്വസ്തതയും
- 32:8–14 : കർത്താവ് ഇസ്രായേലിനുവേണ്ടി ചെയ്ത വലിയ കാര്യങ്ങൾ
- 32:15–18 : ജനത്തിന്റെ നന്ദിഹീനത
- 32:19–25 : ജനത്തിന്റെ മേലുള്ള ശിക്ഷാവിധി
- 32:26–43 : ശിക്ഷയല്ല, രക്ഷയാണ് കർത്താവിന്റെ പദ്ധതിയുടെ അവസാനത്തെ വാക്ക്.
- 32:45–52 : കീർത്തനത്തിന്റെ ഭാഗമല്ല മോശയുടെ മരണത്തിനുള്ള ഒരുക്കമാണ് അവിടെ വിവരിച്ചിരിക്കുന്നത്.

ഒരു വിചാരണയുടെ ശൈലിയാണ് ഈ ഗാനത്തിനുള്ളത്. കുറ്റാരോപണവും വിചാരണയും ശിക്ഷാവിധിയും അവതരിപ്പിക്കുന്ന ഈ പ്രത്യേക ശൈലിക്ക് വിചാരണ ചെയ്യുക എന്നർഥമുള്ള ''റീബ്'' എന്ന ഹീബ്രുവാക്കിൽ നിന്ന് റീബ് ശൈലി എന്ന പേരു കൈവന്നു. ഏശ 1, ജറെ 2, മിക്ക 6, ഹോസി 4, സങ്കീ 50 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ ഈ ശൈലി ദൃശ്യമാണ്. അഞ്ചുഘടകങ്ങളാണ് ഈ സാഹിത്യരൂപത്തിനു പൊതുവായുള്ളത് :
1) ആമുഖം, വിചാരണ കേൾക്കാൻ സാക്ഷികളെ ക്ഷണിക്കുന്നു (32:1–3); 2) മുഖവുര, വ്യവഹാരത്തിന്റെ പൊതുവായ അവതരണം (32:4–7) 3) വാദിഭാഗം, ആരോപണം ഉന്നയിക്കുന്ന വ്യക്തി അപരനുവേണ്ടി ചെയ്ത കാര്യങ്ങളുടെ വിവരണം (32:8–14); 4, കുറ്റപത്രം, അവിശ്വസ്തത വിശദമാക്കുന്നു (32:15–18); 5) ശിക്ഷാവിധി (32:19–25); മോശയുടെ കീർത്തനത്തിൽ ശിക്ഷാവിധി പ്രഖ്യാപിച്ചതിനുശേഷം തികച്ചും അപ്രതീക്ഷിതമായ ഒരു നീക്കമാണു കാണുന്നത്. ഇസ്രായേലിനെ സമൂലം നശിപ്പിക്കുന്നതിനു പകരം, ദൈവം ജനത്തിന്റെ ശത്രുക്കളെ ശിക്ഷിക്കുകയും ഇസ്രായേലിനെ വീണ്ടെടുക്കുകയും ചെയ്യുന്നു. കർത്താവിന്റെ ക്ഷമിക്കുന്ന സ്നേഹമാണ് അവസാനം വിജയം നേടുന്നത്. ജനത്തിന്റെ യോഗ്യതകൊണ്ടല്ല ഒരു ജനമെന്ന നിലയിൽ ഇസ്രായേൽ നിലനിന്നു പോകുന്നത്. കർത്താവിന്റെ കരുണാർദ്രമായ സ്നേഹം കൊണ്ടാണ്.

ആകാശത്തെയും ഭൂമിയെയും സാക്ഷികളായി വിളിച്ചുകൊണ്ടാണ് കീർത്തനം ആരംഭിക്കുന്നത് (32:1–3). അവയ്ക്കു ജീവനുണ്ടെന്നോ പ്രതികരിക്കാൻ കഴിയുമെന്നോ ഉള്ള ചിന്തയല്ല ഇതിനു പുറകിൽ (നിയ 4:26; 30:19). ഏറ്റം ആഘോഷപൂർവകമായ ഒരു പ്രവൃത്തിയുടെ ആരംഭം എന്നേ ഇതിനർഥമുള്ളൂ. കർത്താവിനെ ''പാറ'' എന്നാണ് 32:4 വിശേഷിപ്പിച്ചിരിക്കുന്നത്. അവിടത്തെ അചഞ്ചലമായ വിശ്വസ്തതയാണ് ഇതു സൂചിപ്പിക്കുന്നത്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി ഇസ്രായേൽക്കാർ അവരുടെ പെരുമാറ്റത്തിൽ സ്ഥിരതയുള്ളവരായിരുന്നില്ല (32:15,18,30,31,37). സങ്കീർത്തനങ്ങളിലും ആ ആശയം പലപ്പോഴും പ്രതിപാദിക്കുന്നുണ്ട് (18:2; 31:2; 62:2). 32:8–14 ൽ ദൈവം ഇസ്രായേലിനുവേണ്ടി ചെയ്ത കാര്യങ്ങൾ ഒരിക്കൽക്കൂടി വിവരിക്കുകയാണ്. ഉടമ്പടി ലംഘിച്ച പങ്കാളിയെ കുറ്റവിചാരണ ചെയ്യുമ്പോൾ അപരനിൽനിന്നുണ്ടായ നന്മകൾ ഓരോന്നായി നിരത്തുന്നത് ഉടമ്പടിയുടെ ഭാഗമായിരുന്നു. തിരഞ്ഞെടുപ്പ്, സംരക്ഷണം, വാഗ്ദത്തഭൂമി നല്കൽ ഇവയെല്ലാം ഇവിടെ വീണ്ടും പരാമർശിച്ചിരിക്കുന്നു. എല്ലാ ജനതകൾക്കും ദൈവമാണ് ഭൂമി നിശ്ച

യിച്ചു കൊടുത്തിരിക്കുന്നത് എന്ന ആശയം ഇവിടെ കാണാം (32:8). ഈ വാക്യത്തിന്റെ രണ്ടാമത്തെ പകുതിയുടെ കൃത്യമായ അർഥത്തെപ്പറ്റി പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായ ഐക്യമില്ല. ''ഇസ്രായേൽ മക്കളുടെ എണ്ണമനുസരിച്ച് അവിടന്ന് ജനതകൾക്ക് അതിർത്തി നിശ്ചയിച്ചു'' എന്ന പരിഭാഷ ആശയവുമായി യോജിക്കുന്നില്ല. കാരണം, ഇസ്രായേൽക്കാരുടെ എണ്ണത്തോളം രാജ്യങ്ങൾ ലോകത്തിലില്ലല്ലോ. ഗ്രീക്ക് സപ്തതി ഈ ഭാഗം പരിഭാഷപ്പെടുത്തിയത് ''ദൈവപുത്രന്മാരുടെ എണ്ണം : അതനുസരിച്ച് അവിടന്നു ജനതകൾക്ക് അതിർത്തി നിശ്ചയിച്ചു'' എന്നാണ്. ഏകദൈവവിശ്വാസത്തിനു നിരക്കാത്ത ഒരു പരിഭാഷയായി തോന്നുകയാൽ ''ദൈവപുത്രന്മാർ'' എന്നത് ''ഇസ്രായേൽ മക്കൾ'' എന്നു തിരുത്തിയതാവാം. എന്നാൽ, ദൈവപുത്രന്മാർ എന്നത് ദൈവത്തിനും മനുഷ്യനും മധ്യേയുള്ള ദൈവദൂതന്മാരാണ് (ജോബ് 1:6). ഓരോ ജനതയ്ക്കും കാവൽക്കാരായി ദൈവം തന്നെ ഓരോ ദൂതനെ നിശ്ചയിച്ചിരിക്കുന്നു എന്ന വിശ്വാസം പഴയനിയമത്തിലുണ്ട് (ദാനി 10:13, 20–21; 12:1). ആ ചിന്തയായിരിക്കും ഇതിനു പുറകിലുള്ളത്.

ഇസ്രായേലിന്റെ ആരംഭം മരുഭൂമിയിൽ വച്ചാണെന്ന ആശയം ഇവിടെക്കാണാം (32:10–14). ദൈവത്തിന്റെ സ്നേഹവാത്സല്യങ്ങൾ അവരുടെമേൽ ചൊരിഞ്ഞത് മനോഹരമായ പ്രതീകങ്ങളിലൂടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ''കൂടു ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ'' എന്നാണ് കർത്താവിന്റെ പ്രവൃത്തികളെ വിശേഷിപ്പിച്ചിരിക്കുന്നത് (32:11). കഠിനശിലയിൽ നിന്ന് എണ്ണ നല്കി എന്നത്, ഒലിവെണ്ണയെയാണ് സൂചിപ്പിക്കുന്നത്. കൽക്കൂട്ടത്തിനിടയിലും തഴച്ചുവളരുന്ന മരമാണല്ലോ ഒലിവ്.

ജനത്തിനെതിരെയുള്ള കുറ്റപത്രമാണ് 32:15–18. വിഗ്രഹാരാധനയാണ് മുഖ്യമായ തെറ്റ്. യഷ്റൂൺ എന്നത് ഇസ്രായേലിന്റെ പര്യായമാണ് (നിയ 33:5,26; ഏശ 44:2). നീതി പ്രവർത്തിക്കുന്നയാൾ എന്നാണ് ഈ വാക്കിന്റെ അർഥം. എന്നാൽ, പേരിന്റെ അർഥവും ആളുടെ പ്രവൃത്തിയും തമ്മിൽ വലിയ വൈരുധ്യമാണുള്ളത്. വാഗ്ദത്തഭൂമിയിലെ സമൃദ്ധി തന്നെയാണ് ഇസ്രായേൽക്കാർക്ക് വിനയായിത്തീർന്നത്. കർത്താവിനെ ഉപേക്ഷിച്ചു, പുച്ഛിച്ചു, അവഗണിച്ചു, വിസ്മരിച്ചു എന്നതെല്ലാം വിഗ്രഹാരാധനയുടെ ഫലങ്ങളാണ്.

ജനത്തിന്റെ തെറ്റിനുള്ള ശിക്ഷയാണ് 32:19–25ൽ. അഗ്നിയും അസ്ത്രവും ദൈവകോപത്തിന്റെയും ശിക്ഷയുടെയും പ്രതീകങ്ങളാണ് (ആമോസ് 1; എസെ 5:16; സങ്കീ 7:13; 38:2). ദൈവമല്ലാത്തവയെ ആരാധിക്കുക വഴി കർത്താവിനെ വേദനിപ്പിച്ചവരെ ജനതയല്ലാത്തവരെക്കൊണ്ട് അവിടന്നു ശിക്ഷിക്കുന്നു. അസ്സീറിയ, ബാബിലോൺ, പേർഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഇസ്രായേൽക്കാർ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളും അപമാനങ്ങളുമാണ് ഇവിടെ വിവക്ഷിക്കുന്നത്. 32:26–27ൽ കർത്താവിന്റെ ശിക്ഷാനടപടികൾ വിജാതീയ മനസ്സിൽ ഉണർത്താവുന്ന ചിന്തകളെപ്പറ്റി തികച്ചും മാനുഷികമായ രീതിയിൽ ദൈവം കാണുന്നതിനെയാണു വിസ്തരിച്ചിരിക്കുന്നത്. ഇസ്രായേൽ തോല്പിക്കപ്പെട്ടത് തങ്ങളുടെ കഴിവുകൊണ്ടാണെന്ന് അവർ ചിന്തിക്കാം. 32:28–33, ഈ ജനതകളെപ്പറ്റി ദൈവത്തിന്റെ വിലയിരുത്തലാണ്. ആലോചനയും വിവേകവും ജ്ഞാനവും ഇല്ലാത്തവരാണവർ. അവർ ഇങ്ങനെയെല്ലാം ആണെന്ന കാര്യം അവർ ഗ്രഹിക്കുന്നില്ല. ദൈവം തങ്ങളെ എങ്ങനെ കാണുന്നു എന്ന കാര്യം അവർ മനസ്സിലാക്കുന്നുമില്ല.

32:36–43ൽ പെട്ടെന്ന് ആശയങ്ങളിൽ വരുന്ന ഒരു മാറ്റം കാണാൻ കഴിയും. ഇതുവരെയും ഇസ്രായേലിനെ നശിപ്പിക്കുമെന്നു പറഞ്ഞിരുന്ന കർത്താവ് അവരെ രക്ഷിക്കാനും സമുദ്ധരിക്കാനും ഇറങ്ങുകയാണ്. അവിടന്ന് തന്റെ ദാസന്മാരുടെ രക്തത്തിനു പ്രതികാരം ചെയ്യും. എതിരാളികളോടു പ്രതികാരം ചോദിക്കും; തന്റെ ജനത്തിന്റെ ദേശത്തുനിന്ന് പാപക്കറ നീക്കിക്കളയും. ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള കർത്താവാണവിടന്ന്. അവിടന്നു മാത്രമാണ് സത്യദൈവം (ഏശ 41:4; 43:10–13; 44:6; 45:5–6). ''പക വീട്ടും'', ''പകരം ചോദിക്കും'' എന്നെല്ലാമുള്ള പദപ്രയോഗങ്ങൾ കർത്താവിനെ യുദ്ധം ചെയ്യുന്ന ഒരു യോദ്ധാവായി ചിത്രീകരിക്കുന്നതിന്റെ ഫലമാണ്. അക്രമികളെ ശിക്ഷിച്ചുകൊണ്ട് പീഡിതർക്കുവേണ്ടി നീതി നടത്തിക്കൊടുക്കുന്ന ദൈവത്തെ സ്തുതിക്കാൻ സർവമനുഷ്യരെയും ആഹ്വാനം ചെയ്തുകൊണ്ടാണ് കീർത്തനം അവസാനിക്കുന്നത്. ഹീബ്രു മൂലത്തിൽ ആകാശങ്ങളേയും ദേവന്മാരെയും കർത്താവിനെ സ്തുതിക്കാൻ ആഹ്വാനം

ചെയ്യുന്നതായിട്ടാണു കാണുന്നത്. ആകാശങ്ങളെ ക്ഷണിച്ചുകൊണ്ടാണല്ലോ ഗാനം ആരംഭിച്ചത് (32:1). ദേവന്മാരുടെ കാര്യമാകട്ടെ വിജാതീയരുടെ ആരാധ്യവസ്തുക്കളായിരുന്നു അവർ. യഹോവാ മാത്രമാണ് സത്യദൈവം. അക്കാര്യം ജനതകൾ തിരിച്ചറിയും. ആ തിരിച്ചറിവ് അവരുടെ ആരാധനാജീവിതത്തെയും ബാധിക്കും.

കീർത്തനം അവസാനിപ്പിച്ചതിനുശേഷം ഈ അധ്യായത്തിൽ മോശയുടെ മരണത്തിനുള്ള ഒരുക്കത്തെപ്പറ്റി പറയുന്നു (32:45–52). നിയമങ്ങൾ ''ഹൃദയത്തിൽ സംഗ്രഹിക്കുവിൻ'' (32:46) എന്ന ഉപദേശം ഇവിടെ കാണാം. തുകൽച്ചുരുളുകളിൽ എഴുതി ഭദ്രമായി വച്ചാൽ മാത്രം പോരാ, നിയമങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടവയാണ്. നിയമം അനുസരിക്കുന്നോ എന്നതിനെ ആശ്രയിച്ചായിരിക്കും വാഗ്ദത്തഭൂമിയിൽ അവർക്കു സ്ഥിരമായി താമസിക്കാൻ കഴിയുമോ എന്ന കാര്യം നിശ്ചയിക്കപ്പെടുക (32:42). മരണത്തിന് ഒരുക്കമായി മൊവാബുദേശത്തുള്ള അബറിം പർവതനിരയിലെ നെബോ മലയിൽ കയറിനിന്നുകൊണ്ട് വാഗ്ദത്തഭൂമി കണ്ടുകൊള്ളാൻ ദൈവം മോശയെ അനുവദിച്ചു (32:50). ഈ മലയെ ''പിസ്ഗാ'' എന്നാണ് നിയ 3:27ലും, 34:1 ലും പേർ വിളിക്കുന്നത്. കാനാൻ ദേശത്തു മോശയ്ക്കു പ്രവേശിക്കാൻ കഴിയാത്തത് കാദെശിൽ വച്ചുണ്ടായ മോശയുടെ അവിശ്വസ്തതയാണെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട് (32:51). ''നീ എന്റെ പരിശുദ്ധിക്ക് സാക്ഷ്യം നല്കിയില്ല'' (സംഖ്യ 20, 12). എന്നാൽ, നിയ 3:26 ൽ ജനത്തിന്റെ പാപമാണ് ഇതിനു കാരണമെന്ന വിശദീകരണമാണുള്ളത്. രണ്ടും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമില്ല. ജനത്തിന്റെ പാപം – ദൈവപരിപാലനയിലുള്ള അവിശ്വാസം – ഒരു ദുർബലനിമിഷത്തിൽ മോശയുടെ ജീവിതത്തിലും വന്നുപോയതാകാം ഇതിനു കാരണം.

**നിയ 33:1–29 : മോശയുടെ ആശീർവാദം**

32–ാമത്തെ അധ്യായത്തിന്റെ അവസാനത്തിൽ ഇസ്രായേലിന്റെ പുനരുദ്ധാരണത്തെപ്പറ്റി മോശ പറഞ്ഞിരുന്നു. അതിന്റെ വിശദാംശങ്ങളായി ഈ ആശീർവാദത്തെ കാണാം. ഇതിന് രണ്ടു ഭാഗങ്ങളുണ്ട് : 33:2–5 (ആരംഭം); 33:26–29 (അവസാനം) ഒരു കീർത്തനമാണ്. കീർത്തനം കൊണ്ടു തുടങ്ങി കീർത്തനം കൊണ്ടു തന്നെ അവസാനിപ്പിച്ചിരിക്കുന്നു. അതിനിടയിലാണ് ഇസ്രായേലിലെ ഗോത്രങ്ങൾക്കുള്ള അനുഗ്രഹം നല്കിയിരിക്കുന്നത്. മരിക്കുന്നതിനുമുൻപ് യാക്കോബ് മക്കൾക്കു നല്കുന്ന ആശീർവാദവുമായി (ഉത്പ 49:1–28) ഇതിനു സാമ്യമുണ്ട്. ഇസ്രായേൽ ഗോത്രങ്ങളുടെ ലിസ്റ്റ് സംഖ്യ 1:5–15 പ്രകാരമുള്ളതാണ്. ഗോത്രങ്ങളുടെ പട്ടികയിൽ ശെമയോനില്ല. ജോസഫിന്റെ ഗോത്രത്തെ എഫ്രേം, മനാസ്സെ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

മോശയുടെ ആശീർവാദമായിട്ടാണ് ഈ അധ്യായത്തെ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും, ഇതിലെ വ്യത്യസ്തഭാഗങ്ങൾ തമ്മിൽ ശൈലിയിലും ഭാഷയുടെ ഉപയോഗത്തിലും വ്യത്യാസമുണ്ട്. പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ഇസ്രായേൽ ഗോത്രങ്ങളെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ വിവിധ കാലങ്ങളിലും പ്രദേശങ്ങളിലുമായി നിലനിന്നിരുന്ന നിയമാവർത്തന ഗ്രന്ഥകാരൻ പുസ്തകത്തിന്റെ അവസാനത്തിൽ ഒരുമിച്ച് അവതരിപ്പിക്കുകയാണ്. അതുവഴി പുസ്തകത്തിനു തന്നെ പ്രത്യാശയും ശുഭാപ്തിവിശ്വാസവും പ്രദാനം ചെയ്യുന്ന ഒരു രേഖ എന്ന നിലയിലുള്ള സ്ഥാനം ലഭിക്കുന്നു. ഗ്രന്ഥത്തിന്റെ അധികപങ്കും അവിശ്വസ്തതയ്ക്കു ശിക്ഷ നല്കുന്ന കർത്താവിനെപ്പറ്റിയും വരാൻപോകുന്ന ദുരവസ്ഥയെപ്പറ്റിയുമാണല്ലോ പ്രതിപാദിക്കുന്നത്. അതു മാത്രം ശ്രവിക്കുന്ന കേൾവിക്കാർക്ക് നിരുത്സാഹം വരാം. എന്നാൽ, ദൈവത്തിന്റെ പദ്ധതിയിൽ അവസാനത്തെ വാക്ക് ശിക്ഷയുടേതല്ല, രക്ഷയുടെയും പ്രത്യാശയുടെയും സന്ദേശമാണ് എന്നുള്ള അടിസ്ഥാന ദൈവശാസ്ത്രപ്രമേയത്തെ നിയമാവർത്തനഗ്രന്ഥകാരൻ ഒന്നുകൂടി പറഞ്ഞുറപ്പിക്കുകയാണ്.

രണ്ടു കീർത്തനങ്ങളും (32:1–5; 26–29) വിവിധ ഗോത്രങ്ങൾക്കുള്ള ആശീർവാദവും (33:6–25) എന്നു വിഭജിക്കാവുന്ന ഈ അധ്യായത്തിൽ ആദ്യത്തെ കീർത്തനത്തിൽ മോശയെ ''ദൈവപുരുഷൻ'' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. നിയമദാതാവ് എന്ന നിലയിൽ മോശയ്ക്ക് ഇസ്രായേലിലുള്ള സ്ഥാനം അദ്വിതീയമാണ്. ഇവിടെ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിനാണ് ഊന്നൽ നല്കിയിരിക്കുന്നത് (1 രാജാ 17:18; 2 രാജാ 4:6). ഈ കീർത്തനത്തിന് പഴയനിയമത്തിലെ വേറെ ചില കീർത്തനങ്ങ

ളുമായി സാമ്യമുണ്ട് (സങ്കീ 68; ന്യായ 5; ഹബ 3:3-6). ദൈവസാന്നിധ്യത്തിന്റെ സവിശേഷമായ പ്രകാശനം നടന്ന മലകളാണ് സീനായ്, സെയിർ (ഏദോം), പാരാൻ എന്നിവ. കർത്താവിന് അകമ്പടി സേവിക്കുന്ന മാലാഖമാരെയാണ് ''വിശുദ്ധരുടെ പതിനായിരങ്ങൾ'' എന്ന പദം സൂചിപ്പിക്കുന്നത്. സപ്തതി ഇതിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് അങ്ങനെയാണ്. ദൈവത്തെ സൈന്യങ്ങളുടെ കർത്താവ് എന്നും വിശേഷിപ്പിക്കാറുണ്ടല്ലോ.

നിയമത്തെ, അവിടത്തെ വലതുഭാഗത്തുനിന്ന് ജ്വലിക്കുന്ന നിയമം പുറപ്പെട്ടു (33:2) എന്ന വാക്യം സീനായ് മലമുകളിൽ അഗ്നിയുടെ മധ്യേ പ്രത്യക്ഷപ്പെട്ട കർത്താവ് നിയമം നല്കിയതിനെ സൂചിപ്പിക്കുന്നു. ജനത്തെപ്പറ്റി വളരെ മനോഹരമായ, ഒരുപക്ഷേ, ആദർശമായിരിക്കേണ്ട, ഒരു ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ''അവിടന്നു തന്റെ ജനത്തെ സ്നേഹിച്ചു. തന്റെ വിശുദ്ധരെല്ലാവരും തന്റെ കരങ്ങളിലായിരുന്നു; അവിടത്തെ പാദാന്തികത്തിലിരുന്ന് അവിടത്തെ വചനം അവർ ശ്രവിച്ചു.'' (33:3)

യാക്കോബിന്റെ കടിഞ്ഞൂൽ പുത്രനായിരുന്ന റൂബനുള്ള അനുഗ്രഹം 'അവൻ മരിക്കാതിരിക്കട്ടെ, ജീവിക്കട്ടെ' (33:6) എന്നാണ്. വളരെ ചെറിയ ഒരു ഗോത്രം എന്ന നിലയിൽ ക്ഷയിച്ചുപോകാൻ എല്ലാ സാധ്യതയും ഇവർക്കുണ്ടായിരുന്നു. സ്വന്തം കുറ്റംകൊണ്ട് ആദ്യജാതന്റെ അവകാശം നഷ്ടപ്പെടുത്തിയ ആളാണ് റൂബൻ. യാക്കോബ് നല്കുന്ന അനുഗ്രഹത്തിൽ യൂദായ്ക്ക് പ്രമുഖസ്ഥാനമാണുള്ളത് (ഉത്പ 49:10). എന്നാൽ ഇവിടെ യൂദായുടെ സവിശേഷതകളൊന്നുമില്ല. യൂദായ്ക്ക് ധാരാളം ശത്രുക്കളുണ്ടെന്നും അവരിൽ നിന്ന് അവനെ രക്ഷിക്കണമെന്നുമുള്ള പ്രാർഥനയുടെ രൂപത്തിലാണ് ആശീർവാദം നല്കപ്പെട്ടിട്ടുള്ളത്. രാജഭരണം തുടങ്ങുന്നതിനു മുമ്പുള്ള ഒരു കാലഘട്ടമായിരിക്കാം ഇത്.

ലേവീഗോത്രത്തിന് ദീർഘമായ ആശീർവാദമാണു ലഭിക്കുന്നത് (33:8-11). ഉറിമും തുമ്മിമും ഉപയോഗിച്ച് കർത്താവിന്റെ ഹിതം ജനത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്ന ദൗത്യമാണ് ആരംഭത്തിൽ അവർക്കുണ്ടായിരുന്നത് (1 സാമു 14:18-19). മാസായിലും മെരീബായിലും നടന്ന കാര്യങ്ങൾ പുറ 17:1-7ൽ കൊടുത്തിരിക്കുന്നു. കർത്താവിനോടുള്ള പരിപൂർണവിശ്വസ്തതയാണ് ഈ ഗോത്രത്തിന്റെ സവിശേഷത (പുറ 32:25-29). യാക്കോബിനെ കർത്താവിന്റെ നീതിവിധികൾ പഠിപ്പിക്കുകയും ഇസ്രായേലിനെ അവിടത്തെ നിയമങ്ങൾ അറിയിക്കുകയും കർത്താവിന്റെ മുമ്പിൽ ധൂപം അർപ്പിക്കുകയുമാണ് അവരുടെ ജോലി.

'ദൈവത്തിനു പ്രിയപ്പെട്ടവൻ' എന്നാണ് ബഞ്ചമിനെ വിശേഷിപ്പിച്ചിരിക്കുന്നത് (33:12). കർത്താവ് പ്രത്യേകമായ സംരക്ഷണം അയാൾക്കു നല്കുന്നു. യാക്കോബിന്റെ ഇഷ്ടപുത്രനായിരുന്നല്ലോ ബഞ്ചമിൻ (ഉത് 44:20). 33:13-17ൽ ജോസഫിനുള്ള അനുഗ്രഹം എഫ്രേം, മനാസ്സെ എന്നീ രണ്ട് അർഥഗോത്രങ്ങൾക്കായി നല്കിയിരിക്കുന്നു. മഴയും മഞ്ഞും ഉറവകളും മൂലം ഭൂമിക്കുണ്ടാകുന്ന ഫലപുഷ്ടി, മലകളിൽ നിന്നു ലഭിക്കുന്ന ലോഹ ങ്ങളും ധാതുക്കളും, സൈന്യശക്തി, ശത്രുക്കളുടെ മേൽ വിജയം, ദേശത്തിനു വിസ്തൃതി തുടങ്ങിയ കാര്യങ്ങൾ ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. ജോസഫ് ഗോത്രങ്ങൾക്ക് ഇസ്രായേലിൽ ഉണ്ടായിരുന്ന പ്രാമുഖ്യമാണ് ഇതു സൂചിപ്പിച്ചിരിക്കുന്നത്. സെബുലൂൺ, ഇസാക്കർ ഗോത്രങ്ങൾക്കുള്ള ആശീർവാദമാണ് 33:18-19 ലുള്ളത്. ഫിനിഷ്യൻ തുറമുഖ നഗരങ്ങളായ ടയിർ, സീദോൻ പ്രദേശങ്ങളുടെ സാമീപ്യം അവയുടെ സമൃദ്ധിയിൽ നിന്ന് പ്രയോജനം സ്വീകരിക്കാൻ ഇവരെ സഹായിച്ചു. ''സമുദ്രങ്ങളുടെ സമൃദ്ധി വലിച്ചുകുടിക്കും'' എന്നുള്ള പ്രസ്താവന അതാണു സൂചിപ്പിക്കുന്നത്. ഗാദിനു നല്കുന്ന ആശീർവാദം (33:20-22) അവരുടെ യുദ്ധസ്വഭാവത്തെ വെളിപ്പെടുത്തുന്നു (പുറ 49:9). റൂബന്റെ പ്രദേശം അധികവും സ്വന്തമാക്കിയത് ഗാദ് വംശജരാണ്. കർത്താവിന്റെ നിയമം ഏതുവിധത്തിലാണ് അവർ നടപ്പാക്കിയതെന്ന് ടെക്സ്റ്റിൽ നിന്നു വ്യക്തമല്ല. ദാൻ സിംഹക്കുട്ടി എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് (33:22). നഫ്താലിക്കു ലഭിച്ചത് ഫലഭൂയിഷ്ഠമായ പ്രദേശമാണ്, ഗലീലി തടാകത്തിന് വടക്കു പടിഞ്ഞാറുള്ള ഭാഗം. അവരുടെ സമൃദ്ധിയെപ്പറ്റിയുള്ള സൂചന ആശീർവാദത്തിലുമുണ്ട് (33:23). ആഷേർ ആണ് എല്ലാ ഗോത്രങ്ങളിലും വച്ച് ഏറ്റം അനുഗൃഹീതം (33:24-25). സമൃദ്ധിയുടെ അടയാളമായിരുന്നു ഒലിവെണ്ണ. ആഷേർ കാലു കഴുകുന്നത് ഒലിവെണ്ണയിലാണ്. സൈനിക ശക്തിയെ

സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ് ഇരുമ്പും പിത്തളയുംകൊണ്ടുള്ള ഓടാമ്പൽ. ജീവിതകാലം മുഴുവൻ അവൻ സുരക്ഷിതനായിരിക്കും എന്ന് ആഷേറിനെപ്പറ്റി പറയപ്പെട്ടിരിക്കുന്നു.

ആശീർവാദത്തിന്റെ അന്ത്യത്തിൽ വീണ്ടും ഒരു സ്തുതിപ്പുണ്ട് (33:26–29). കർത്താവിൽനിന്ന് ഇസ്രായേലിൽ എന്നും സഹായം പ്രതീക്ഷിക്കാം. ഇസ്രായേലിനെ താങ്ങാൻ ശാശ്വതഹസ്തങ്ങളാണുള്ളത്. മേഘത്തേരിൽ യാത്ര ചെയ്യുന്നവനായി യഹോവയെ ചിത്രീകരിച്ചിരിക്കുന്നു (സങ്കീ 18:10; 68:4; 104:3; ഏശ 19:1). പീഡിതരെ സഹായിക്കാൻ കർത്താവ് വളരെ വേഗം വരും എന്നാണിതിന്റെ അർഥം. കാനാൻകാരെ തുരത്തി ദേശത്തു തനിച്ചു പാർക്കാൻ ഇസ്രായേലിനു കഴിയും. ഇസ്രായേലിന്റെ വാളും പരിചയുമായിട്ട് യഹോവയെ അവതരിപ്പിച്ചിരിക്കുന്നു (33:29). വാളും പരിചയും പ്രതിരോധത്തിന്റെയും സംരക്ഷണത്തിന്റെയും പ്രതീകമാണല്ലോ. അവരെ നശിപ്പിക്കാൻ ശ്രമിക്കുന്നവരെ കർത്താവുതന്നെ തോല്പിക്കും. ''ഉന്നതസ്ഥലങ്ങൾ'' എന്ന പരാമർശത്തിന് വിഗ്രഹാരാധനയുടെ കേന്ദ്രങ്ങൾ എന്നും അർഥമാകാം.

**നിയ 34:1–12 : മോശയുടെ മരണം**

നിയമാവർത്തനഗ്രന്ഥകാരൻ ഇതുവരെയും മോശയുടെ വചനങ്ങളായിട്ടാണ് ഗ്രന്ഥത്തെ മുഴുവൻ അവതരിപ്പിച്ചിരുന്നത്. എന്നാൽ, ഈ അധ്യായം അദ്ദേഹത്തിന്റെ സ്വന്തമാണ്. മോശയുടെ മരണത്തെപ്പറ്റിയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെപ്പറ്റിയുമാണ് മുഖ്യമായും ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. 3:27; 32:48 ഭാഗങ്ങളിൽ നെബോമലയിലെ പിസ്ഗാ കൊടുമുടിയിൽ കയറി വാഗ്ദത്തഭൂമി കണ്ടുകൊള്ളുവാൻ ദൈവം കല്പിക്കുന്നുണ്ട്. കർത്താവു തന്നെ ഭൂപ്രദേശമെല്ലാം കാണിച്ചുകൊടുക്കുകയാണു ചെയ്യുന്നത്. മലമുകളിൽ കയറിനിന്നുകൊണ്ട് ആദ്യം വലത്തോട്ടും പിന്നെ അർധവൃത്താകൃതിയിൽ ഇടത്തോട്ടും നോക്കിയാൽ കാണാവുന്ന പ്രദേശങ്ങളാണ് ഇസ്രായേലിന് അവകാശമായി ലഭിക്കാൻ പോകുന്നത്. ''പടിഞ്ഞാറേ സമുദ്രം'' എന്നു പറയുന്നത് (34:2) മധ്യധരണ്യാഴിയാണ്.

ഇസ്രായേലിന്റെ അതിർത്തികളായിപ്പറയുന്നത് പഞ്ചഗ്രന്ഥിയിൽ നേരത്തെയും പറഞ്ഞിട്ടുള്ള പ്രദേശങ്ങൾ തന്നെയാണ് (ഉത്പ 12:7; 26:3; 28:13). മോശയുടെ പിൻഗാമിയായി ജോഷ്വായെ നിയമിച്ച കാര്യം ഒരിക്കൽക്കൂടി സൂചിപ്പിച്ചിരിക്കുന്നു (34:9). അവിടെയും മോശയ്ക്കുള്ള സ്ഥാനം വ്യക്തമാണ്. ''നൂനിന്റെ പുത്രനായ ജോഷ്വ ജ്ഞാനത്തിന്റെ ആത്മാവിനാൽ പൂരിതനായിരുന്നു; എന്തെന്നാൽ, മോശ അവന്റെ മേൽ കൈകൾ വച്ചിരുന്നു.''

മോശയെപ്പറ്റിയുള്ള മഹത്ത്വകീർത്തനം ഈ അധ്യായത്തിൽ വളരെ പ്രത്യേകിച്ച് നല്കിയിരുന്നു. നൂറ്റിയിരുപതു വയസ്സുവരെ മോശ ജീവിച്ചു. പൂർണമായ പുരുഷായുസ്സാണത് (സങ്കീ 78). വാർധക്യത്തിലും അയാൾ പൂർണ ആരോഗ്യവാനായിരുന്നു, മോശയുടെ ''കണ്ണു മങ്ങുകയോ, ശക്തി ക്ഷയിക്കുകയോ ചെയ്തിരുന്നില്ല.'' കർത്താവിന്റെ ദാസനായ മോശ, എന്നുള്ള വിശേഷണവും അർഥപൂർണമാണ്. യജമാനന്റെ ഇഷ്ടം പൂർണമായും നിറവേറ്റുന്നയാളാണ് ദാസൻ. തന്നെ ഏല്പിച്ച ദൗത്യം നിറവേറ്റിയിട്ടാണ് മോശ പിന്മാറുന്നത്. ദൈവത്തിന്റെ ജനം വാഗ്ദാനഭൂമിയുടെ വാതിൽക്കൽ എത്തിയിരിക്കുന്നു. നാല്പതു വർഷക്കാലം എല്ലാവിധ പ്രതിസന്ധികളിലൂടെയും മോശ അവരെ നയിച്ചു. കർത്താവിന്റെ നിയമങ്ങൾ അവരെ പഠിപ്പിച്ചു. ശാശ്വതമായ ഓർമയ്ക്കുവേണ്ടി അത് എഴുതി ലേവ്യപുരോഹിതന്മാരെയും ജനപ്രമാണികളെയും ഏല്പിച്ചു. അതു കാലാകാലങ്ങളിൽ വായിക്കണമെന്നും, മക്കളെ പഠിപ്പിക്കണമെന്നും, ഹൃദയത്തിൽ സൂക്ഷിക്കണമെന്നും, സർവോപരി അതനുസരിച്ചു ജീവിക്കണമെന്നും വീണ്ടും വീണ്ടും അവരെ അനുസ്മരിപ്പിച്ചു. സഫലമായ ജീവിതം – അതായിരുന്നു മോശയുടേത്.

മോശയുടെ അതുല്യസ്ഥാനം പ്രകീർത്തിച്ചുകൊണ്ടാണ് നിയമാവർത്തനഗ്രന്ഥം അവസാനിക്കുന്നത് (34:10–12). മോശ ദൈവത്തോട് മുഖാഭിമുഖം സംസാരിച്ചു. വേറൊരാൾക്കും ലഭിക്കാത്ത ആനുകൂല്യമാണിത്. ദൈവത്തിന്റെ മുഖം കണ്ടാൽ ഒരുവൻ മരിക്കും എന്ന വിശ്വാസം നിലനിന്നിരുന്നിടത്ത്, ദൈവത്തിന്റെ മുഖം കാണുക മാത്രമല്ല, ജീവിച്ചിരിക്കേണ്ടതിന് വേണ്ട നിയമങ്ങൾ ആ മുഖത്തുനിന്നു കേട്ട് ജനത്തെ പഠിപ്പിച്ചയാളാണ് മോശ. ഇതുവരെയും മോശയെ ഒരു പ്രവാചകനായിട്ടാണ് അവതരിപ്പിച്ചിരുന്നത്. എന്നാൽ, ഈ അവസാനഭാഗത്ത് വലിയ ഒരു അത്ഭുതപ്രവർത്തകനായും മോശ പ്രത്യക്ഷപ്പെടുകയാണ്. ഫറവോയ്ക്കും ദാസന്മാർക്കും രാജ്യത്തിനു മുഴുവനും

എതിരായി അത്ഭുതങ്ങളും അടയാളങ്ങളും ഭയാനകമായ പ്രവൃത്തികളും കാണിച്ചയാൾ. എന്നാൽ, ഇസ്രായേലിന്റെ ചരിത്രത്തിൽ വ്യത്യസ്ത ദൗത്യങ്ങളാണ് മോശ നിർവഹിച്ചത്. പ്രവാചകൻ, പുരോഹിതൻ, സൈന്യമേധാവി, രാജാവ് (നേതാവ്) ഇവയെല്ലാം മോശയ്ക്കു യോജിക്കുന്ന വിശേഷണങ്ങളാണ്. എന്നാൽ, ഇതിനെല്ലാമുപരിയായി ''ദൈവം മുഖാഭിമുഖം സംസാരിച്ചവൻ'' എന്നതാണ് മോശയുടെ മഹത്ത്വത്തിനു നിദാനം. അതിൽനിന്നാണ് മോശയുടെ വിവിധങ്ങളായ ദൗത്യങ്ങളുടെ ആരംഭം.

*Logos 2020 Study Guide*

*Deuteronomy 22-34*

*KCBC Bible Commission*

*Kochi -682 025*